# അക്ഷരമുത്തുകൾ



# ഡിജിറ്റൽ മാഗസിൻ

# എഡിറ്റോറിയൽ

ആശയവിനിമയത്തിന്റെയും വിജ്ഞാനവിശകലനത്തിന്റെയും പുത്തൻ വാതായനങ്ങളാണ് വിദ്യാർത്ഥികൾക്ക് മുന്നിൽ തുറന്നിടുന്നത്. കുട്ടികളുടെ ഐ.റ്റി കൂട്ടായ്മ ലിറ്റിൽ കൈറ്റ്സ് 'അക്ഷരമുത്തുകൾ' എന്ന പേരിൽ സമർപ്പിക്കുന്ന ഡിജിറ്റൽ മാഗസിൻ പുത്തൻ അനുഭവത്തിന്റെ നേർസാക്ഷ്യമാണ്. പ്രതിഭാവിലാസത്തിന്റെ കൈയ്യൊപ്പ് പതിഞ്ഞ കലാവിരുതിന്റെ വാൽക്കണ്ണാടി എന്ന് ഒറ്റ വാക്കിൽ ഈ ഡിജിറ്റൽ മാഗസീനെ വിശേഷിപ്പിക്കാം. നവനീതമായ കമ്പ്യൂട്ടർ പരിജ്ഞാനത്തിന്റെ ഊടും പാവും നെയ്യുന്ന തരത്തിലുള്ള സൃഷ്ടികളിലൂടെയാണ് ഈ ഡിജിറ്റൽ മാഗസിൻ നമ്മെ കൈപ്പിടിച്ച് നടത്തുന്നത്. അറിവും വിജ്ഞാനവും സാങ്കേതിക വിദ്യയും കൂട്ടി ഇണക്കി കൊണ്ട് പുതുയുഗ സൃഷ്ടിയുടെ നവകാഹളം ഒരുക്കുന്ന അക്ഷരമുത്തുകൾ എന്ന ഈ പുതു സൃഷ്ടിയ്ക്ക് ഹൃദയംഗമമായ സ്നേഹാശംസകൾ നേരുന്നു.

**എഡിറ്റർ**
എച്ച് .എസ് .എസ് ഫോർ ഗേൾസ്
വെങ്ങാനൂർ



**ദീപ്തിഗിരീഷ്**
**മാനേജർ**
**എച്ച് .എസ് .എസ് ഫോർ ഗേൾസ് വെങ്ങാനൂർ**

അക്ഷരമുത്തുകൾ' എന്ന പേരിൽ ലിറ്റിൽ കൈറ്റ്സ് ഇറക്കുന്ന ഡിജിറ്റൽ മാഗസിൻ വായനയുടെ ഒരു വേറിട്ട അനുഭവമാണ് നമുക്ക് പകർന്നു തരുന്നത്. കുട്ടികളുടെ ഡിജിറ്റൽ ലോകം വളരെ മഹത്വവും മനോഹരവുമാണെന്ന് അവരുടെ രചനകളുടെ വൈവിധ്യം നമുക്ക് കാട്ടിത്തരുന്നു. ONLINE പഠനരംഗത്ത് ഡിജിറ്റൽ മാഗസിനുകൾ ഒരു പുതുയുഗ പിറവിയുടെ ആദ്യാക്ഷരങ്ങളാണ് കുറിക്കുന്നത്. അറിവിന്റെ നിറവാർന്ന രചനകളിലൂടെ കണ്ണോടിക്കുമ്പോൾ സാങ്കേതിക  തികവാർന്ന സർഗ്ഗാത്മകതയുടെ പ്രതിഭസ്ഫുലിംഗങ്ങളാണ് ചുറ്റിലും. എന്റെ പ്രിയപ്പെട്ട വിദ്യാർത്ഥിനികൾ തയ്യാറാക്കിയ ഈ മാഗസിന് ഹൃദയപൂർവ്വം ആശംസകൾ അർപ്പിക്കുന്നു.



ഉമ വി എസ്
ഹെഡ്മിസ്ട്രസ്
എച്ച് .എസ് .എസ് ഫോർ ഗേൾസ്

നവകേരളത്തിന്റെ തിലകക്കുറികളാണ് പൊതുവിദ്യാലയങ്ങൾ. പൊതുവിദ്യാഭാസനയത്തിലൂടെ പുത്തൻ പഠന സമ്പ്രദായത്തിന്റെ മേച്ചിൻ പുറങ്ങളിലൂടെയാണ് ഈ ഡിജിറ്റൽ യുഗത്തിൽ വിദ്യാർത്ഥികൾ കടന്നു പോകുന്നത്. അക്ഷരങ്ങളുടെ നിറക്കൂട്ടുകൾ ചാലിച്ച് ഭാവനാസമ്പുഷ്ടവും വിജ്ഞാനോദ്ദിപകവുമായ ഒരു കൂട്ടം രചനകളാണ് 'അക്ഷരമുത്തുകൾ'എന്ന പേരിൽ എച്ച് എസ് എസ് ഫോർ ഗേൾസ് വെങ്ങാനൂർ സ്കൂളിലെ Little kites വിദ്യാർത്ഥിനികൾ ഒരുക്കിയിരിക്കുന്നത്. ഈ ഡിജിറ്റൽ മാഗസീനിന്റെ താളുകൾ മറിയ്ക്കുമ്പാൾ കാണുന്ന വർണങ്ങളും വരകളും ഒരു പുത്തൻ ആശയത്തിന്റെ ചിറകടിയൊച്ചകൾക്കാണ് കാതോർക്കുന്നത്. എന്റെ പ്രിയപ്പെട്ട കുഞ്ഞുങ്ങൾ ചെയ്ത ഈ ഡിജിറ്റൽ മാഗസിന് ആശംസാപൂർവ്വം എല്ലഭാവുകങ്ങളും നേർന്നു കൊളളുന്നു.



എസ്. ഹരീന്ദ്രൻ നായർ
പി. ടി. എ. പ്രസിഡന്റ്
എച്ച് .എസ് .എസ് ഫോർ ഗേൾസ് വെങ്ങാനൂർ

Little kites-ന്റെ ആഭിമുഖ്യത്തിൽ അക്ഷരമുത്തുകൾ എന്ന പേരിൽ ഇറക്കുന്ന ഡിജിറ്റൽ മാഗസീൻ ഒരു നവീന അനുഭവമാണ്. കുട്ടികളുടെ കലാവാസനയും സർഗ്ഗപ്രതിഭ ശേഷിയും പുതിയ തലത്തിലും പുതിയ രൂപത്തിലും ഡിജിറ്റലൈസ് ചെയ്യുക എന്നത് ഒരു പുത്തൻ അനുഭവമാണ്. എന്റെ പ്രിയപ്പെട്ട കുട്ടികളുടെ പുതുയുഗ സൃഷ്ടികൾക്ക് എല്ലാവിധ ഭാവുകങ്ങളും നന്മകളും നേരുന്നു.



ബി . വി . രഞ്ജിത്ത്കുമാർ
സീനിയർ അസിസ്റ്റന്റ്
എച്ച് .എസ് .എസ് ഫോർ ഗേൾസ്

**അക്ഷരം അറിവാണ്.അറിവ് അഗ്നിയാണ്.ഡിജിറ്റൽ അറിവുകളുടെ പുതുപുത്തൻ ആവിഷ്കാരത്തിലൂടെയാണ് നവതലമുറ കടന്നുപോകുന്നത്.പ്രളയവും കോവിഡും കാരണം അടച്ചിട്ടപ്പെട്ട വിദ്യാലയ തിരുമുറ്റങ്ങളിൽ നിന്നുമുയർന്ന അതിജീവനത്തന്റേയും കരുതലിന്റേയും കൈക്കുടന്ന നിറയ്ക്കുന്ന ഈ ഓൺലൈൻ രചനകളെ നാളെയുടെ നവ മുകുളങ്ങളായി തന്നെ സ്വീകരിയ്ക്കുക അംഗീകരിയ്ക്കുക.ചന്ദ്രയാനിൽ എത്തി നിൽക്കുന്ന നവ കേരളം വൈജ്ഞാനിക സമൂഹവും വൈജ്ഞാനിക തലമുറയായി മാറുന്ന ഈ കാലഘട്ടത്തിൽ പുത്തൻ പരീക്ഷണങ്ങൾക്ക് നിറമേകുന്ന സ്വപ്നങ്ങൾ ചാലിച്ച് എഴുതിയ അക്ഷരമുത്തുകൾ എന്ന എച്ച് .എസ്.എസ് ഗേൾസ് വെങ്ങാനൂർ ലിറ്റിൽ കൈറ്റസ് യൂണിറ്റിന്റെ ഡിജിറ്റൽ മാഗസീന് എല്ലാവിധ നന്മകളും ആശംസകളും നേർന്നു കൊള്ളുന്നു.**




വെങ്ങാനൂർ എന്ന ദേശത്തിന് വിജ്ഞാനത്തിന്റെയും വിനോദത്തിന്റെയും വെള്ളി വെളിച്ചം പകർന്ന് അറിവിന്റെ ദീപസ്തംഭമായാണ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ എന്ന സരസ്വതി ക്ഷേത്രം വർത്തിക്കുന്നത്. അനേകം വിദ്യാഭ്യാസ വിചക്ഷണരേയും ഭരണ നിപുണരേയും വർത്തമാന കാലത്തിന് സംഭാവന ചെയ്ത നമ്മുടെ വിദ്യാലയ മുത്തശ്ശിയ്ക്ക്  104വർഷം പിന്നിട്ടു ഇതിഹാസ നായകന്മാരുടെ മാന്ത്രിക സ്പർശത്താൽ പവിത്രമായ മണ്ണിൽ യശ്ശസരീരനായ ശ്രീ.എൻ വിക്രമൻ പിള്ള 1920-ൽ സ്ഥാപിച്ച ഈ വിദ്യാകേന്ദ്രം ധന്യമായ സ്മരണകളും തളരാത്ത ആത്മവീര്യവും പക്വമായ ചുവടുവയ്പ്പുകളുമായി കാലത്തിന്റെ പാതയിലൂടെ മുന്നേറുമ്പോൾ അവരുടെ സർഗ്ഗശേഷിയും സർഗ്ഗാത്മകതയും ഈ വിദയാലയ തിരുമുറ്റത്തെ പെൺ വിദ്യാലയമല്ല മറിച്ച് പൊൻ വിദ്യാലയമായി മാറ്റിയിരിക്കുന്നു. നിരന്തരമായ പരിശ്രമം കൊണ്ട് ഈ സ്ഥാപനത്തെ ഉത്തരോത്തരം അഭിവൃദ്ധിയിലേക്ക് നയിച്ച മുൻ മാനേജർമാരായ യശ്ശശരീരനായ ശ്രീ പത്മനാഭപിള്ള, ശ്രീമതി സരസ്വതി അമ്മ, ശ്രി ചന്ദ്രശേഖരപ്പിള്ള സർ, ശ്രീമതി ആനന്ദവല്ലി അമ്മ, ശ്രീ ഗിരീഷ് കുമാർ സർ, എന്നിവർക്ക് ഓർമയുടെ ഒരു കുടന്ന പൂക്കൾ അർപ്പിക്കുന്നു.

# ഉള്ളടക്കം

1. വേദനിക്കുന്ന വായന....
2. അച്ഛൻ.......
3. മഴവില്ലിൻ രാജകുമരി.......
4. കാത്തിരിപ്പ്.......
5. നഷ്ടസ്നേഹം...........
6. ഇനിയും അനാഥനായി........
7. ഓർമ്മയിൽ ഒരു വളകിലുക്കം
8. ഒരു തെരുവിന്റെ കഥ
9. കണ്ണന്റെ കോലക്കുഴൽ നാദം..
10. സൗഹൃദത്തിന്റെ ശക്തി
11. മഴ
12. അത്ഭുതനീരാളി
13. ഇന്നലെകൾ
14. പഞ്ചഭൃതങ്ങളും ഇന്ദ്രിയപ്രാണദശകങ്ങളും
15. ജനനി
16. രണ്ടു കൂട്ടുകാർ
17. നദിയുടെ രോദനം
18. പായസ കള്ളൻ
19. അമ്മ
20. ചിന്നുവിന്റെ പാവ
21. REFLECTION
22. എന്റെ മലയാളം
23. ആത്മാവ് കൈവിട്ടൊരാത്മാവ്
24. മഴയെ പ്രണയിച്ചവൾ
25. मेरा प्यारा गाँव
26. ഒരു അധ്യാപികയുടെ വിദ്യാലയ ചിന്തകൾ
27. തെരുവിലെ ബാല്യം
28. *BiggeastFear*

# വേദനിക്കുന്ന വായന

വായനക്കാരെ നിങ്ങളെവിടെ
സ്വതിയിതാ നിങ്ങളെ
തേടുന്നിതാ മറന്നുവോ
മടുത്തുവോ നിങ്ങളെന്നെ
അക്ഷരവൃക്ഷത്തെ മറന്നുവോ
നീ.....

നിങ്ങളെ തേടി ഞാൻ
കാത്തിരിക്കെ നിങ്ങൾ
മറഞ്ഞിതാപോകുന്നിതാ
വായിച്ചാൻ വളരും ഇല്ലെങ്കിൽ,
വളയും വരുവിൻ വരുവിൻ വന്ന്
വായിച്ചീടിൻ.....

ഇന്നത്തെ ആർക്കുമേ ഇഷ്ടമല്ല
പലവയിൽകുത്താനാണേറെയി
ഷ്ടം വളയാനായി
നിൽക്കുന്നവരോട് പിന്നെ
ഞാൻ വളരാനായി
പറഞ്ഞിട്ടിനെന്തുകാര്യം

ചിതലുകൾ
തിന്നിടുന്നെന്റെയുള്ള
നിങ്ങളിലലിയാൻ വിതുമ്പുന്നിതാ
മിഴികളിൽ തെളിയുന്ന
അമ്മയാം അക്ഷരം
ഉറങ്ങികിടന്നിട്ടിനേറെനാളായി

അനന്തമാം അറിവിന്റെ
ഉൾക്കടലിൽ
നിന്തിക്കുളിക്കാനിനാരുമില്ല
മീനുകൾ നിങ്ങളെ തേടി തേടി
അറിവിൻ്റെ പാലിൽ
അലിഞ്ഞടഞ്ഞു.

നൂറ്റാണ്ടിൻ
പഴക്കമുള്ളെന്നെനിങ്ങൾ
കാണ്ണാടിയിൽ
പൂട്ടിയിട്ടെന്തുകാര്യം
പൊടികൾക്ക് ശീലായി മാറുന്നു
നാം അവരെ
ഉണർത്താനിനാരുമില്ല.
നിങ്ങളെ കാത്ത് ഞാനിരിക്കെ
അകലലേ മറയലേ മക്കളെ
നിങ്ങൾ.....




സ്നേഹ.എ സുരേഷ്
എച്ച് .എസ് .എസ് ഫോർ ഗേൾസ്
വെങ്ങാനൂർ

# അച്ഛൻ

ആദ്യമായി കണ്ടൊരു
ദൈവമാണച്ഛൻ

ജീവന്
വർണ്ണമേകിയതച്ഛൻ
അറിവിൻ ആദ്യാക്ഷരം
ചൊല്ലിപ്പഠിപ്പിച്ചതച്ചൻ
ജീവന്റെ
വേദമാണച്ഛൻനെഞ്ചി
ലെ  വിങ്ങലൊളിപ്പിച്ച്
സ്നേഹം വിളമ്പിയതച്ഛൻ
കൺകണ്ട
ദൈവമാണച്ഛൻ

അറിവിൻ
വെളിച്ചമേകിയതച്ഛൻ
അമ്മ വയറ്റിൽ പേറി
നടന്നപ്പോൾ
നെഞ്ചിലായേറ്റിയതച്ഛ
ൻ എന്നും തണലെൻ
അച്ഛൻ ഞാനൊന്ന്
വിങ്ങുമ്പോൾ താങ്ങായും
എന്നച്ഛൻ
സ്നേഹത്തിൻ
നിധിയാണച്ഛൻ


എന്നും കരുതലുമച്ഛൻ
കുടുംബത്തിൽ ഭാരാവും
നെഞ്ചിലേറ്റി കൂടെ
ചിരിച്ചതെൻ
അച്ഛൻ..........



നീലാംബരി
എച്ച് .എസ് .എസ് ഫോർ ഗേൾസ് വെങ്ങാനൂർ

# മഴവില്ലിൻ രാജകുമാരി

ഒരിടത്ത് പ്ലൂട്ടോ  എന്ന രാജ്യത്ത് ഇവാൻ എന്ന രാജാവ് ഉണ്ടായിരുന്നു. ഒരു ദിവസം ഇവാൻ രാജാവ് നാട്ടു ചുറ്റാനായി പടയാ- ളികളോടുകൂടെ പോയി . അവർ കുറേ ദൂരം യാത്രചെയ്ത് ഉൾക്കാട്ടിലേക്കെത്തി. അവർ വിശ്രമിക്കുമ്പോൾ ഒരു കിളി മധുരമായി പാടുന്നത് കേട്ടു . രാജാവ് പാട്ട് കേൾക്കുന്ന ദിശ നോക്കി നടന്നു . ഒടുവിൽ കണ്ടെത്തി അതി മനോഹരമായ മഴവില്ലിൻ്റെ  നിറങ്ങളോടുകൂടിയ - ഒരു വാനമ്പാടിയെ അവർ കണ്ടു. രാജാവ് ആ പക്ഷിയെ കണ്ടതും മയങ്ങിപ്പോയി. എന്നാൽ ആ പക്ഷിയുടെ ചിറകിൽ ഒരു അമ്പ് കുത്തിയിരുന്നു . രാജാവ് വേഗം തന്നെ ആ പക്ഷിയുടെ അടുത്തു ചെന്ന് ആ  അമ്പിനെ ഊരിയെടുത്തു . ആ പക്ഷി പെട്ടെന്ന് തന്നെ ഒരു മനുഷ്യരൂപത്തിൽ ഒരു സുന്ദരിയായി മാറി. രാജാവ് ഇത് കണ്ട് അമ്പരന്നുപോയി അവളായിരുന്നു മഴവില്ലിൻ്റെ രാജകുമാരി. അവളുടെ കണ്ണ് തീ പോലെ ജ്വലിക്കുന്നുണ്ടായിരുന്നു അവളുടെ പല്ല്  വജ്രത്തെ പോലെ തിളങ്ങിയിരുന്നു. രാജാവ് അവളുടെ സൗന്ദര്യത്തിൽ മയങ്ങിപ്പോയി അവളുടെ പേരാണ് ലിസ. അവൾ രാജാവിനോട് പ്രണയാഭ്യർത്ഥന നടത്തി.രാജാവും ലിസയും രാജകൊട്ടാരത്തിൽ എത്തി. അങ്ങനെ കൊട്ടാരത്തിൽ വലിയ ഒരു വിരുന്ന്   നടത്തി . ഇവാൻ രാജാവും മഴവില്ലിൻ്റെ രാജകുമാരിയായ ലിസ യും തമ്മിൽ വിവാഹിതയായി. അവർ രണ്ടുപേരും സന്തോഷത്തോടെ  ജീവിച്ചു.



ആതിര.ടി.ആർ
എച്ച് .എസ് .എസ് ഫോർ ഗേൾസ് വെങ്ങാനൂർ

# കാത്തിരിപ്പ്

ജീവിതത്തിൽ കാത്തിരിപ്പിന്റെ സുഖം
അറിയാത്ത മനുഷ്യരേ ഇല്ല.
ജീവിതത്തിൽ കാത്തിരിപ്പിനെ
പോലെ ഹൃദയസ്പർശിയായ
വികാരം ഈ ലോകത്തേ ഇല്ല.
ജനനത്തിൽ വളരാനായി ഉള്ള
കാത്തിരിപ്പ്, വിശന്നാൽ
ഭക്ഷണത്തിനായുള്ള കാത്തിരിപ്പ്,
ദുഃഖിച്ചാൽ സന്തോഷത്തിനായുള്ള
കാത്തിരിപ്പ്, പ്രിയപ്പെട്ടവരെ
കാണാനായുള്ള കാത്തിരിപ്പ്,
ആഗ്രഹം നടക്കാനുള്ള കാത്തിരിപ്പ്
അങ്ങനെ അങ്ങനെ കാത്തിരിപ്പിന്
നമ്മുടെ ജീവിതത്തിൽ വലിയ ഒരു
പങ്ക് വഹിക്കപ്പെടുന്നുണ്ട്.
അവസാനം വാർദ്ധക്യത്തിൽ
മരണത്തിനായുള്ള കാത്തിരിപ്പ്.
ജനനം മുതൽ മരണം വരെ
കാത്തിരിപ്പിന്റെ പ്രയാണം
അങ്ങനെ അലയടിച്ചുകൊണ്ടേ
ഇരിക്കുന്നു.

സൂര്യഗായത്രി എ ബി
IX B
എച്ച് എസ് എസ് ഫോർ ഗേൾസ്
വെങ്ങാനൂർ

# നഷ്ടസ്നേഹം

ഒരിക്കൽ ഒരിടത്ത് ഒരു പട്ടണത്തിൽ സുധി എന്ന് പേരുള്ള ഒരു ബാങ്ക് മാനേജരും അദ്ദേഹത്തിന്റെ ഭാര്യയും താമസിച്ചിരുന്നു. വളരെയധികം സമ്പത്തും സൗഭാഗ്യങ്ങളും ഉള്ള കുടുംബമായിരുന്നു അത്. പക്ഷേ അയാളുടെ ഭാര്യ വളരെയധികം പണത്തിനോട് ആർത്തിയുള്ള സ്ത്രീ ആയിരുന്നു. രാജേശ്വരി എന്നായിരുന്നു അവരുടെ പേര്. എന്നാൽ ഈ സൗഭാഗ്യങ്ങൾ എല്ലാം ഉണ്ടയിരുന്നെങ്കിൽ പോലും സുധി തന്റെ ജീവിതത്തിൽ തന്റെ അച്ഛനും അമ്മയ്ക്കും തന്നെ വളർത്തി എന്ന സ്ഥാനം മാത്രമേ നൽകിയിരുന്നുള്ളൂ. അയാളുടെ സുഹൃത്തുക്കൾ വീട്ടിൽ വന്നാൽ മിണ്ടാനോ ഒന്ന് ഒച്ച വയ്ക്കാനോ ഉള്ള അനുവാദം പോലും അവർക്ക് ഇല്ലായിരുന്നു. വളരെ ദയനീയാവസ്ഥ. ആരെങ്കിലും വന്നാൽ ഒരു മുറിയ്ക്കുള്ളിൽ അടച്ച് പൂട്ടി ഇരിക്കണമായിരുന്നു. ഒരു ദിവസം രാജേശ്വരിയുടെ കൂട്ടുകാരികൾ വീട്ടിൽ വന്നു. ആ അച്ഛനെയും അമ്മയെയും അവർ കണ്ടാൽ അവൾ എല്ലാവരുടെയും മുൻപിൽ കൊച്ചായി പോകുമെന്ന് വിചാരിച്ചായിരുന്നു അവൾ അവരെ പുറത്തിറക്കാതിരുന്നത്. എന്നാൽ അന്ന് ആ അച്ഛൻ തുമ്മുന്ന ശബ്ദം കേട്ട് കൂട്ടുകാരികൾ അത് ആരാ എന്ന് ചോദിച്ചതിന്റെ പേരിൽ സുധി വൈകിട്ട് ജോലി കഴിഞ്ഞ് വന്നപ്പോൾ രാജേശ്വരി ഒരു ഞെട്ടിക്കുന്ന കാര്യം അയാളോട് പറഞ്ഞു. അച്ഛനേയും അമ്മയേയും വൃദ്ദസദനത്തിലേക്ക് ആക്കാം എന്ന്. ആദ്യമൊന്നും സുധി അതിന് സമ്മതിച്ചില്ല എങ്കിലും പിന്നീട് ആ തീരുമാനത്തിന് അയാൾ വഴങ്ങി. ആ അച്ഛനും അമ്മയും അവരെ അവിടെ കൊണ്ട് വിടരുതെന്ന് അവരുടെ കാൽ പിടിച്ച് പറഞ്ഞെങ്കിൽ പോലും അവർ അത് കേട്ടില്ല. സ്വന്തം മാതാപിതാക്കൾ ആണ് അത് എന്ന് അവർ ഒരു നിമിഷം ചിന്തിച്ചില്ല. അങ്ങനെ കുറച്ച് വർഷങ്ങൾക്ക് ശേഷം അവർക്ക് ഒരു കുഞ്ഞുണ്ടായി. അവന് പത്ത് വയസ്സായപ്പോൾ അവൻ അവന്റെ മാതാപിതാക്കളോട് അവരുടെ അച്ഛനും അമ്മയും എവിടെ എന്ന് ചോദിച്ചു. എന്നാൽ രണ്ടുപേരും അതിന് ഉത്തരം പറഞ്ഞില്ല. അവർ നിശ്ചലരായി നിന്നു. വീണ്ടും വീണ്ടും ചോദിച്ചിട്ടും അവർ ഉത്തരം പറഞ്ഞില്ല. അവൻ ഇക്കാര്യം അവന്റെ കൂട്ടുകാരോടും പറഞ്ഞു. പിറ്റേ ദിവസം അവൻ അവന്റെ ഒരു പഴയ ഫോട്ടോ എടുക്കാനായി വീടിന്റെ മുകളിലെ ഒരു പഴയ അടച്ചിട്ട മുറിയിൽ കയറി. അവിടെ വച്ച് കുറേ പഴയ സാരികളും അതുപോലെതന്നെ



ആദിത്യ .ആർ .എസ്
IX A
എച്ച് .എസ് .എസ് ഫോർ ഗേൾസ് വെങ്ങാനൂർ

# ഇനിയും അനാഥനായി.....

കാത്തുനിൽക്കുവാനാരുമില്ലാതെയായ്
എത്രനാളിനിയും ഇന്നിങ്ങനെ ഏകനായ്
എന്നുടെ ജന്മമേ പാപമോ.......
കത്തിയെരിയുന്നതെന്നുടെ ബാല്യമോ
അച്ഛനുണ്ടായിരുന്നെങ്കിലെന്നായി ഞാൻ
എന്നുമിനിയും കരഞ്ഞു തീർത്തീടാനോ
എന്തിനീ ജന്മമെന്നോർത്ത് ജീവിക്കണോ
മണ്ണിന് ഞാനൊരു ഭാരമായ്
തീർന്നുവോ ?..
അർത്ഥമില്ലാ പ്രതീക്ഷകൾ
കൂട്ടിവെച്ചതുമെന്നുടെ
എന്നുടെ കുറ്റമോ
എന്തിനീ ജന്മം എനിക്കു നൽകിനീ അമ്മേ
എങ്ങുനീ പോയ് മറഞ്ഞതെൻ അച്ഛാ
ഇനിയുമൊരുന്നാൾ തമ്മിലായ് നമ്മൾ
കണ്ടുമുട്ടീടുമെന്ന പ്രതീക്ഷയിൽ
ഇനിയുമെൻ ജീവിതം തള്ളിനീക്കുന്നു
ഞാൻ
ഉള്ളിലെ വെട്ടം ഇനിയുമണയാതെ
കാക്കുവാൻ
എന്നെ അനുഗ്രഹിച്ചീടണെ
നേരം പുലർന്നീടുമെന്ന പ്രതീക്ഷയിൽ
നിദ്രയിലേക്കായി വീഴുന്നു ഞാനിന്ന്

നീലാംബരി എസ്.പി
IX.A
എച്ച്.എസ്.എസ്.ഫോർ ഗേൾസ്
വെങ്ങാനൂർ

# ഓർമ്മയിൽ



# ഒരു വളകിലുക്കം

-ബിന്ദു മുരളി
പൂർവ്വ വിദ്യാർത്ഥിനി
**എച്ച് എസ് എസ് ഫോർ ഗേൾസ് വെങ്ങാനൂർ**

വെങ്ങാനൂർ ഹൈസ്കൂളിനു സമീപമുള്ള സുന്ദരമായ വെണ്ണിയൂർ ഗ്രാമത്തി ലായിരുന്നു എന്റെ വീട്. പച്ചപുതച്ച പറമ്പുകൾ, ഒറ്റയടിപ്പാതകൾ, ഇടുങ്ങിയ നാട്ടുവഴികൾ, കൊച്ചുകൊച്ചു നീർച്ചാലുകൾ, എപ്പോഴും കൃഷിയുള്ള നെൽപ്പാടങ്ങൾ, ഒരിക്കലും വറ്റാത്ത തോടുകൾ ഇവയൊക്കെതാണ്ടിയാണ് കൂട്ടു കാരോടൊപ്പം സ്കൂളിലേയ്ക്കുള്ള യാത്രകൾ. എന്റെ ജീവിതത്തിൽ ഏറ്റവുമധികം ഞാൻ ആസ്വദിച്ചതും സന്തോഷിച്ചതും കൂട്ടുകാരോ ടൊപ്പം സ്കൂളിലേയ്ക്കുള്ള അന്നത്തെ യാത്ര കളായിരുന്നു. സുന്ദരമായ ആ യാത്രകളും സ്കൂൾ ജീവിതവും എനിക്ക് അത്രയ്ക്ക് പ്രിയ പ്പെട്ടതായിരുന്നതുകൊണ്ടാണ് ഇപ്പോഴും ആ വഴികളിലൂടെ ഒറ്റയ്ക്ക് നടക്കാനും നോക്കി നിൽക്കാനും എനിക്ക് ഇഷ്ടം.

സ്കൂളിനകത്തേയ്ക്ക് കയറിയാൽ നീണ്ട പടിക്കെട്ടുകൾ ചാടിക്കയറലായിരുന്നു എൻ്റെ പ്രധാന വിനോദം. അഞ്ചാം ക്ലാസിലെത്തു മ്പോൾ വളരെ അത്ഭുതമായിരുന്നു. ചെറിയ സ്കൂളിൽ നിന്നും വിശാലമായ കളിസ്ഥലവും കെട്ടിടവുമൊക്കെയുള്ള വെങ്ങാനൂർ സ്കൂളി ലേയ്ക്കുള്ള മാറ്റം അമ്പരപ്പോടെയാണ് ഞാൻ കണ്ടത്. അഞ്ചാം ക്ലാസിലെ വസന്ത ടീച്ചറിനെ ജീവിതത്തിൽ ഒരിക്കലും മറക്കാൻ പറ്റില്ല. ഒരിക്കൽ ക്ലാസിൽ ബഹളമുണ്ടാക്കിയതിന് ടീച്ചർ ഒരു കുട്ടിയെ തല്ലി. ടീച്ചർ അടിക്കാൻ കൈ ഉയർത്തിയപ്പോൾ ടീച്ചറുടെ കൈയിലെ വളകിലുക്കം കേൾക്കാൻ നല്ല രസമായിരുന്നു. എനിക്കും പല ടീച്ചർമാരിൽ നിന്നും അടി കിട്ടി യിട്ടുണ്ടെങ്കിലും വസന്ത ടീച്ചറുടെ കൈയ്യിൽ നിന്നും അടി കിട്ടിയിട്ടില്ല. എന്റെ മനസിൽ നിന്നും മായാതെ നിൽക്കുന്ന മറ്റൊരു അധ്യാപകനാണ് ഏഴാം ക്ലാസിലെ ശ്രീധരൻ നായർ സാർ. അദ്ദേഹം ഇന്ന് ജീവിച്ചിരിപ്പില്ല. സാർ വലിയ ചൂടനായിരുന്നു. അതു കൊണ്ട് തന്നെ സാറിനെ എല്ലാവർക്കും ക്കും പേടിയാ യിരുന്നു. പക്ഷെ എന്താണെന്നറിയില്ല സാറിനെ ഞാൻ ഭയന്നിരുന്നില്ല. സാറിനോട് എല്ലാ കാര്യ ങ്ങളും പറയുകയും ചെയ്യുമായിരുന്നു. 29 ക്കാലങ്ങളിൽ സാർ കുട്ടികളെ ഒറ്റയ്ക്ക് വീട്ടിൽ വിടുമായിരുന്നില്ല. തോടുകളും കുളവും വയലുമൊക്കെ കടന്നുവേണം എനിക്ക് വീട്ടി ലെത്താനെന്ന് സാറിന് അറിയാമായിരുന്നതു കൊണ്ടാകാം എന്നെ ഒറ്റയ്ക്ക് വിടാത്തത്. കുട്ടികളോടുള്ള കരുതൽ കൂടിയാണ്.

സ്കൂളിലെ അധ്യാപകരെല്ലാം ഓരോ കുട്ടിയെയും കുറിച്ച് വ്യക്തമായി മനസ്സിലാക്കി യിരുന്നു. ഇന്ന് അധ്യാപകരും കുട്ടികളും തമ്മിൽ അങ്ങനെയൊരു മാനസിക അടുപ്പം നിലനിൽക്കുന്നുണ്ടോയെന്നറിയില്ല. സ്കൂളിൽ പഠിക്കുമ്പോൾ നൃത്തപഠനത്തിലൂടെയാണ് ഇന്നത്തെ സ്കൂൾ മാനേജരായ നമ്മുടെയെല്ലാം പ്രിയപ്പെട്ട ബീനയെന്ന ദീപ്തി ഗിരീഷിനേയും ഇന്നത്തെ ശാലിനി ടീച്ചർ (ഉമകുട്ടി), പിന്നെ അമ്പിളി, ഗീത, കുഞ്ഞുമഞ്ജു, അനിതാ കൃഷ്ണൻ ഇവരെയെല്ലാം കൂടുതൽ പരിചയ പ്പെടുന്നത്. നൃത്തം പഠിച്ചെങ്കിലും മത്സരങ്ങളി ലൊന്നും പങ്കെടുത്തിരുന്നില്ല. (തോൽക്കുമെന്ന് ഭയം കൊണ്ടല്ല; കൂട്ടുകാരികളെ തോപ്പിക്കാ തിരിക്കാൻ വേണ്ടിയാണ് കേട്ടോ) മത്സരത്തി കല്ലാതെ ഒത്തിരി പരിപാടികൾ ഞാൻ തരിപ്പിച്ചിട്ടുണ്ട്. നൃത്ത പഠനം പിന്നീട് എന്റെ സീരിയൽ-സിനിമ ജീവിതത്തിൽ ഒരു മുതൽക്കൂട്ടായി മാറി. ആർട്സിൽ മത്സരിച്ചിട്ടി ല്ലെങ്കിലും സ്പോർട് സിൽ പങ്കെടുത്ത് സമ്മാനങ്ങൾ നേടിയിട്ടുണ്ട്. റിലേ, ഓട്ടം എന്നിവയായിരുന്നു പ്രധാന ഇനങ്ങൾ. മത്സരങ്ങളെ കുറിച്ച് ഓർമ്മിക്കുമ്പോൾ എസ്റ്റർ എന്ന സഹപാഠിയെ ഓർമ്മിക്കാതിരിക്കാനാ വില്ല. മിക്ക മത്സരങ്ങളിലും എൻ്റെ എതിരാളിയാ യിരുന്ന എസ്റ്റർക്കാണ് മിക്കപ്പോഴും ഒന്നാം സ്ഥാനം. പലപ്പോഴും എനിക്ക് രണ്ടാം സ്ഥാനം കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നിട്ടുണ്ട്. 9, 10 ക്ലാസ്സുകളിലേയ്ക്കെത്തിയപ്പോൾ മത്സരത്തിന് ഇന്നത്തെ അധ്യാപിക ആനീജോളിയെ കിട്ടി. പിന്നീടൊരിക്കൽ എസ്റ്ററിൻ്റെ കാല് തട്ടി വീണ് പരിക്കേറ്റതോടെ എൻ്റെ സ്പോർട്സ് ജീവിത ത്തിന് തിരശ്ശീല വീണു.

പത്താം ക്ലാസിൽ പഠിക്കുമ്പോൾ അന്നത്തെ ഹെഡ്മാസ്റ്റർ ലോയിഡ് സാർ ആയിരുന്നു ഞങ്ങളുടെ ഇംഗ്ലീഷ് അദ്ധ്യാപകൻ. സാറിന് ഒരിക്കലും സിലബസ് തീർക്കാൻ സമയം കിട്ടാറില്ല. പകരം അവധി ദിവസങ്ങളിൽ അധിക ക്ലാസിലൂടെയാണ് പാഠഭാഗങ്ങൾ തീർ ക്കുന്നത്. ദിവസം മുഴുവൻ നീണ്ട കഠിനമായ ഇംഗ്ലീഷ് പഠനം ഇപ്പോഴും ഓർമയിൽ നിന്ന് മായുന്നില്ല. അയ്യോ... എല്ലാം പറഞ്ഞവസാനി ക്കാറായപ്പോഴാണ് നമ്മുടെ മണിച്ചി ടീച്ചറിനെ ഓർമ്മ വന്നത്. ടീച്ചറെ പറ്റി എന്തെങ്കിലും പറഞ്ഞില്ലെങ്കിൽ അത് ഗുരുത്വദോഷമാകും. നമ്മുടെ എല്ലാവരുടേയും പ്രിയപ്പെട്ട ടീച്ചർ എന്ത് സുന്ദരിയായിരുന്നുവെന്നോ, നിറയെ മുടിയുള്ള ടീച്ചറെ പലപ്പോഴും ഒളിച്ചിരുന്ന് ഞങ്ങൾ അസൂയയോടെ നോക്കി നിന്നിട്ടുണ്ട്. പഴയ പടിക്കെട്ടും കളിസ്ഥലവുമൊക്കെ പോയി ഇപ്പോൾ സ്കൂളിൻ്റെ മുഖഛായ തന്നെ മാറിയതിൽ ചെറിയ വിഷമമുണ്ട്. അന്ന് എന്നെ പഠിപ്പിച്ച ശ്രീകുമാരൻ സാർ, ബാലകൃഷ്ണൻ സാർ, ജയ ടീച്ചർ, ശാന്ത ടീച്ചർ എല്ലാവരെയും ഓർത്തുകൊണ്ട് നിർത്തട്ടെ നാല്പത് വർഷങ്ങ ൾക്ക് ശേഷം പഴയ സഹപാഠികൾ ഒത്തുകൂടി സതീർത്ഥ്യം എന്ന പേരിൽ കൂട്ടായ്മയുണ്ടാ ക്കാനും സ്കൂളിൽ വീണ്ടും എത്താനും സതീർത്ഥോത്സവം നടത്താനും കഴിഞ്ഞത് ഭാഗ്യമായി കരുതുന്നു. സതീർത്ഥ്യത്തിന്റെ പ്രവർത്തകർക്കും മധു സാറിനും രാമകൃഷ്ണൻ നായർ സാറിനും എൻ്റെ നന്ദി ഈ കുറിപ്പിലൂടെ രേഖപ്പെടുത്തട്ടെ. മുൻ ഹെഡ്മിസ്ട്രസ് ശ്രീലത, സ്കൂളിൽ നല്ല പാട്ടുകാരിയായിരുന്ന പിന്നീട് പാട്ടിനെ ഉപേക്ഷിച്ച എൻ്റെ കൂട്ടുകാരി ആർ. ശ്രീലതദേവി, മാനേജർ ദീപ്തി ഗിരീഷ്, പി.റ്റി.എ. പ്രസിഡൻ്റ് ഹരീന്ദ്രൻ നായർ, പദ്മകുമാർ തുടങ്ങിയവരേയും ഓർമ്മിക്കുന്നു. ഇനിയും ഒരു പാട്കാര്യങ്ങൾ പറയാനുണ്ട് നീണ്ടുപോയാൽ ഒരു പുസ്തകമെഴുതേണ്ടി വരുമെന്നാണ് തോന്നുന്നത്. ഗൃഹാതുരത്വ മുണർത്തുന്ന ഈ ഓർമ്മകളെ ഒരു മയിൽപീലി തുണ്ടുപോലെ മനസ്സിൽ സൂക്ഷിച്ച് നിർത്തുന്നു

നിങ്ങളുടെ സ്വന്തം
ബിന്ദു മുരളി

# ഒരു തെരുവിന്റെ കഥ
## - എസ്.കെ പൊറ്റക്കാട്.

[ആസ്വാദനക്കുറിപ്പ് ]

"ഒരു തെരുവിന്റെ കഥ"എന്ന എസ്. കെ പൊറ്റക്കാടിന്റെ 36 -മത്തെ പതിപ്പിലെ 9- താമത്തെ ഒരു ചെറിയ കഥയാണ് രാജദ്രോഹം. ഇതിലെ പ്രധാനപ്പെട്ട കഥാപാത്രങ്ങളാണ് കൃഷ്ണകുറുപ്പ്, ഉകുനായർ, രാധ (കുറുപ്പിന്റെ മകൾ ), കുറുപ്പ്, ഇൻസ്പെക്ടറും ബാക്കി പോലീസുകാർ, ഓട്ടോ റിക്ഷക്കാരന്റെ മകൾ, ഹെഡ്കൗൺസ്റ്റബിൾ തുടങ്ങിയവരാണ്. ഈ കഥയിൽ കുറിപ്പ് ഒരു പത്രകാരനാണ്. പത്രങ്ങൾ വിറ്റാണ് കുറുപ്പ് ജീവിതം മൂന്നോട്ടുകൊണ്ടുപോകുന്നത്. ഒരിക്കേ ഈ കുറിപ്പ് പത്രത്തിൽ ഒരു വർത്ത വായിച്ചു എന്ന പേരിൽ കുറുപ്പിനെ പോലീസുകാർ അറസ്റ്റ് ചെയ്യാൻ ഇടയായി "ജർമൻ പട്ടണം ഇന്ത്യയിൽ എത്തിപോയി " എന്നതായിരുന്നു കുറുപ്പിന്റെ വാർത്ത. ഇതു കേട്ടതും ആ നാട്ടിലെ ജനങ്ങൾ നില വിളിച്ചുകൊണ്ടുപോയി. എന്നാൽ ഈ കുറിപ്പ് മനഃപൂർവം അല്ല ഇത് വായിച്ചത്. പത്രങ്ങൾ വിറ്റഴിക്കാനായിരുന്നു കുറുപ്പ് ഈ പണി ചെയ്തത്. അടുത്ത് കുറെ നാളുകൾക്ക് ശേഷം കുറുപ്പിന്റെ മകൾ രാധയെ കുറുപ്പ് കണ്ടു. അവൾ തന്നെ കാണാതിരിക്കാൻ അദ്ദേഹം പോലീസ് സ്റ്റേഷനിൽ ഒളിച്ച് നിന്ന് രാധയെ നോക്കി നിൽപ്പുണ്ടായിരുന്നു. അപ്പോൾ ആകട്ടെ രാധയുടെ കൂടെ രണ്ട് കൂട്ടുകാരികൾ ഉണ്ടായിരുന്നു. അതിൽ ഒന്ന് റിക്ഷക്കാരന്റെ മകൾ ആണെന്നും മാറ്റതിന്റെ തനിക്കറിയില്ലെന്നും കുറുപ്പ് സ്വയം പറഞ്ഞു. കുറുപ്പ് നോക്കിയപ്പോൾ തന്റെ മകളുടെ കൂട്ടുക്കാരിക്ക് നല്ല വസ്ത്രങ്ങളും തന്റെ കുട്ടിക്ക് നല്ല വസ്ത്രമോ ആഭരണമോ ഇല്ല. ആകെ പാടുള്ള അലങ്കാരം ആ ചിരിയാണ്, എന്നൊക്കെ ഓർത്ത് സ്വയം കുറുപ്പ് കുറ്റബോധിക്കുന്നു. മകൾക്ക് നാളെ ഫീസ് കൊടുക്കണമെന്ന ചിന്ത കുറുപ്പിന് ഉണ്ടായി. എന്നാൽ അതിന് പത്രം വിറ്റേ മതിയാവൂ. ഇന്നാണെങ്കിൽ പത്രം ആരും വാങ്ങുന്നുമില്ല. പത്രം വാങ്ങുന്നതിനായി വാർത്ത നിലവിളിക്കാൻ കുറുപ്പിന് ഭയമായിരുന്നു. എന്നാൽ കുറുപ്പ് തന്റെ മകളുടെ ഭാവിക്കായി വീണ്ടും ഒരു വാർത്ത എടുത്ത് ഉറച്ച ശബ്ദത്തിൽ നിലവിളിച്ചു.



നിവേദ്യ ആർ കുമാർ
IX B
എച്ച് എസ് എസ് ഫോർ ഗേൾസ്
വെങ്ങാനൂർ

# കണ്ണന്റെ ഓടക്കുഴൽ നാദം

കുഞ്ഞിക്കരങ്ങളിൽ ഓടക്കുഴലേന്തി
കുഞ്ഞധരങ്ങളിൽ വച്ചങ്ങനെ
ഗാനമാകും കോരിച്ചൊരിയും മഴയിൽ
നനച്ചു കുതിർത്തു വൃന്ദാവനത്തെ

യശോദതൻ മനം വാത്സല്യത്താൽ
കുതിർന്നു നന്ദഗോപാലന്റെ ഉള്ളം
സന്തോഷത്താൽ കുളിച്ചു.ഗോപിക-
ഗോപികമാർ നൃത്തം ചെയ്തു രസിച്ചു

ചിത്തം കവർന്നീടും ഗാനം കേട്ട്
വൃക്ഷലദാതികൾ ആടിയുലഞ്ഞു.
ചില്ലകൾ താഴ്ത്തിയും കൊമ്പ് കുലുക്കിയും
വൃക്ഷങ്ങൾ കണ്ണനെ തൊഴുതു വണങ്ങി.

മയിലുകൾ നൃത്തം ചെയ്തു രസിച്ചു
കുയിലുകൾ പാട്ടുകൾ പാടി തിമി-
ർത്തു ആനകൾ ചിന്നം വിളിച്ചു
കുഴഞ്ഞു മീനുകൾ തുള്ളിച്ചാടി

രസിച്ചു.

ഗംഗാ നദിയും യമുനാ നദിയും
കൃഷ്ണന്റെ ഗാനം കേട്ടു രസിച്ചു
കണ്ണന്റെ മനം കവർന്നിടും ഗാനം കേട്ട്
കത്തി ജ്വലിക്കുന്ന സൂര്യൻ തണുത്തുറഞ്ഞു.

സ്വാതി എസ് ലാൽ
IX.C
എച്ച് എസ് എസ് ഫോർ ഗേൾസ് വെങ്ങാനൂർ

# സൗഹൃദത്തിൻ്റെ ശക്തി

ഒരു സ്ഥലത്ത് ആത്മാർഥമായി സ്നേഹിച്ചിരുന്ന രണ്ടു കൂട്ടുകാർ ഉണ്ടായിരുന്നു.അവർ കുട്ടിക്കാലം മുതൽ തന്നെ ഒരു സ്കൂളിൽ തന്നെ ഒത്തിരുന്ന് പഠിച്ചവരാണ്.

അങ്ങനെ അവർ അവരുടെ സൗഹൃദം തുടർന്നു കൊണ്ടിരുന്ന അവരുടെ ഇടയിലേക്ക് വേറൊരു കുട്ടി വന്നു. അവനാകട്ടെഇവരെ എങ്ങനെയെങ്കിലും പിണക്കണം.അവൻ ഇവരെ പിണക്കാൻ കിട്ടുന്ന സമയമൊന്നും പാഴാക്കിയിരുന്നില്ല. പക്ഷേ ഇവർ എല്ലാകാര്യവും പങ്കു വെയ്ക്കുമായിരുന്നു. അതിനാൽ തന്നെയാണ് ഇവരുടെ സൗഹൃദം മുന്നോട്ട് പോയത്.സ്കൂൾ സമയമാക്കെ പെട്ടന്ന്

കടന്ന് പോയി രണ്ടു പേരും ജോലി ആവശ്യങ്ങൾക്കായി


ഇടവേള വേണ്ടി വന്നു. ഒരേ ജോലി രണ്ടു പേർക്കും ഒരേ സ്ഥാപനത്തിൽ ഒരേ ജോലി വേണമെന്നായിരുന്നു ആഗ്രഹം. ഒരാൾക്ക് അത്യാവശ്യത്തിന് ജീവി– ക്കേണ്ട ആസ്തി ഉണ്ടായിരുന്നു. മാറ്റവനക്കാട്ടെ ഒരു പാവപ്പെട്ട കുടുംബത്തിലേതും. പക്ഷേ അവർ പാവപ്പെട്ടവൻ പണക്കാരൻ എന്നോന്നും വേർതിരിവുകൾ വച്ചിരുന്നില്ല. ആസ്തി ഉള്ളവൻ ഉള്ള പണം കൊണ്ടും വിദ്യാഭാസം കൊണ്ടും ജോലി നേടി. മറ്റവനാകട്ടെ വിദ്യാഭാസം ഉണ്ടായിട്ടും കാശില്ലാത്തതിൻ്റെ പേരിൽ ജോലി ശരിയായില്ല. അവന് ആസ്തിയുള്ളവനോട് സഹായം ചോദിക്കേണ്ടി വന്നു. അങ്ങനെ അവൻ മറ്റവനെ സഹായിക്കുകയും ഓരേ സ്ഥാപനത്തിൽ ജോലി ചെയ്യുകയും സന്തോഷത്തോടെ ജീവിക്കുകയും ചെയ്തു.

ഇതിൽ നിന്നു നമ്മുക്ക് മനസ്സിലാക്കാൻ കഴിയുന്ന പാഠമാണ് പണക്കാരനോ പാവപെട്ടവനൊ, ജാതി, മതമോ അല്ല സൗഹൃദത്തിന്റെ ശക്തി.




സയനോര.ബി
VIII.C
എച്ച് .എസ് .എസ് .ഫോർ ഗേൾസ്
വെങ്ങാനൂർ

# മഴ



ആകാശത്തിൽ നിന്ന് കിട്ടുന്ന സ്വർണ്ണ തുള്ളികളാണ് മഴ
മണ്ണിന് ജീവൻ നൽകുന്ന ഒരു മഴ
 മണ്ണിൽ വീണ്ണ് മണ്ണിലെക്ക് അലിഞ്ഞ്
ചെരുന്നൊരു മഴ ... എൻ്റെ സ്വന്തമാണി മഴ.
ആ മഴയെ കാണാൻ എന്തു ഭംഗി,
ഉദിച്ച് നിൽക്കുന്ന സൂര്യനെ മറച്ച്
കാർമേഘങ്ങ മൂടി കൊണ്ട്  ഭൂമിയിലെക്ക് പത്തിക്കുന്നൊരു മഴ
മണ്ണിനു ജീവൻ നൽകുന്നൊരു
മഴ...എൻ്റെ സ്വന്തമാണീ മഴ
മഴ തീരുന്നു.....കാർമേഘം മാറുന്നു ....
സപത്ത നിറമുള്ള ഒരു വാർമുകിലിൽ
പാരിൽ ഓരോരുത്തർക്കും കുളിർ നൽകാൻ വരുന്നു കുളിർമഴ
ജീവനു നൂതനോൻമേശ പകർത്തിന്നൊരു മഴ എൻ്റെ
എല്ലാമാണ് മഴ. എൻ വീട്ടിലെ എൻ ചിത്തം. കവർന്നിട്ടും
വിരുന്നാളിയാണ് എൻ മഴ .... എൻ്റെ എല്ലാമാണ് മഴ എൻ
ജീവനാണ് മഴ.. എൻ സ്വന്തം മഴ
മഴ മഴ മഴ എന്ന് സ്വന്തംമഴ


നവനീത .പി .വി
VIII.C
എച്ച് .എസ് .എസ് .ഫോർ ഗേൾസ്
വെങ്ങാനൂർ

# അത്ഭുതനീരാളി



[വായന കുറപ്പ്]

കെ.വി രാമനാഥൻ എഴുതിയ 'അത്ഭുത നീരാളി' എനിക്ക് ഏറെ ഇഷ്ടപ്പെട്ട കഥയാണ്. കരയിൽ മാത്രം ജീവിക്കാൻ വിധിക്കപ്പെട്ട മനുഷ്യൻ ജലജീവിയായി മാറിയാൽ എന്തൊക്കെയാണ് സംഭവിക്കുക? ശാസ്ത്രിയ പരീക്ഷണത്തിന്റെ ഫലമായി ഉണ്ടാകുന്ന രൂപാന്തരം എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിവക്കുക?അത്ഭുത വാനരന്മാർ  എന്ന നോവലിൽ പ്രമുഖ കഥാപത്രങ്ങളായ അപ്പുക്കുട്ടനും ഗോപുക്കുട്ടനും. വായനക്കാർ അത്ഭുതത്തോടും ജിജ്ഞാനസയോടും കൂടി വായിച്ച് സ്വീകരിച്ച അത്ഭുതവാനരന്മാരുടെ രണ്ടാം ഭാഗമാണ് ഞാൻ വായിച്ചത്. ഭീമാ സ്മാരക അവാർഡും,കേരള സാഹിത്യ അക്കാദമി അവാർഡും നേടിയ കൃതിയാണ് 'അത്ഭു നീരാളി ' ചിത്രങ്ങളോടുകൂടിയ ഒരു കഥകൂടിയാണ്.വരച്ചത് ജോയ് തോമസ് ആണ്. ഈ പുസ്തകം ഇറങ്ങിയത് 2012- ൽ ആണ്.ഇതിലെ പ്രധാനപ്പൊ കഥാപാത്രങ്ങൾ അപ്പുക്കുട്ടൻ, ഗോപുക്കുട്ടൻ, ഗോപുവിന്റെ അച്ഛൻ, ഹമീദ്, ഡോ. രാജ്, ജെറിഹാമിൽട്ടൺ എന്നിവരാണ്. അപ്പുക്കുട്ടനും ഗോപിക്കുട്ടനുംഒരു കത്ത് കിട്ടി കുഴക്കുന്ന സന്ദർഭമാണ് ഇതിൽ കൂടുതൽ. ആ കത്ത് കാരണം അവർക്ക് രാത്രിയിലും രാവിയലേയും യാതൊരു ഉത്സാഹവും ഉണ്ടായിരുന്നില്ല. ഡോക്ടർ റാണയുടെ മരണത്തിന് ഇവരും കൂട്ടുണ്ടോയെന്ന് അറിയാൻ ഡോ.റാണയുടെ സഹോദരൻ ഡോ.രാജിന്റെയും കൂട്ടുകാരനായ ജെറി ഹാമിൽട്ടൺ, ഇരുവരും ഒപ്പിക്കുന്ന പണിയാണിത്. എന്നാൽ അപ്പുക്കുട്ടന്റെ ഗോപുവിന്റെയും നിരപരാധികളാതുകൊണ്ട് തന്നെ എനിക്ക് ഈ രണ്ട് കഥാപാത്രങ്ങളെ വളരെ ഇഷ്ടമായി.





**അപർണ.വി. എസ്**
VII.C
എച്ച് എസ് എസ് ഫോർ ഗേൾസ്
വെങ്ങാനൂർ

# ഇന്നലെകൾ



തൊടിയരികിലെ തൂവെള്ള തുമ്പപ്പൂവിൻ
തേന്നൂറ്റി കുടിക്കും തുമ്പി പെണ്ണിനായി
ഹൃത്തിൽ തെളിഞ്ഞൊരു കവിത തൻ സൗരഭ്യം
ഒളിപ്പിച്ചു വച്ചൊരു പുസ്തകത്താളുകൾ.

വാഴയിലയിൽ വേവുന്നൊരായിലയപ്പത്തിന്
മധുരമൂറും മണവും രുചിയും
കൊതിയോടെ കാത്തിരിക്കെ
അനിയത്തി കുട്ടിയ്ക്കു മെനഞ്ഞെടുത്തൊരാ
കള്ളക്കഥയും പാട്ടുകളും...

പട്ടു പാവാടയ്ക്കായി ശാഠ്യം പിടിച്ച ബാല്യം
കൈ നിറയെ കിലുങ്ങും കുപ്പിവളകൾ
വാലിട്ടു കണ്ണെഴുതി പിച്ചക പൂവും ചൂടി
ഊഞ്ഞാലിൽ വിലസുമൊരു ഉത്സവക്കാലവും

ഭക്തിഗാനങ്ങൾ, ശരണം വിളികൾ
ദീപാരാധനയുടെ ദീപത്തിളക്കം
മണിമുഴക്കവും ചന്ദന തിരിയും
മിഴി രണ്ടും പൂട്ടി നാമജപവും

കാണിയ്ക്ക
വച്ചും ഉറങ്ങാതെ വായിച്ചും
വിജയിച്ചെടുത്ത ഇന്നുകൾ
ഇന്നലെകളെ മാറോടു ചേർത്ത്
തെപ്പി ഒഴുകും നേത്രങ്ങൾ തുടച്ചു
വരച്ചു തീർക്കുന്നു മനോഹരമാം ഇന്നലെകളെ, എൻ
ഇന്നലെകളെ!!!

കവിത .എം .എ
പൂർവ്വ വിദ്യാർത്ഥിനി

# പഞ്ചഭൂതങ്ങളും ഇന്ദ്രിയപ്രാണദശകങ്ങളും



**പ്രിയ . പി എസ്**
HST **മലയാളം**
**എച്ച് .എസ് .എസ് ഫോർ ഗേൾസ് വെങ്ങാനൂർ**

പ്രപഞ്ചത്തിലെ എല്ലാ പദാർത്ഥങ്ങളും | പഞ്ചഭൂത നിർമ്മിതമാണ്. ആകാശം. വായു, അഗ്നി, ജലം, പൃഥി ഇവയാണ് പഞ്ചഭൂത ങ്ങൾ. ആകാശത്തിൻ്റെ ഗുണം ശബ്ദവും വായു വിന്റേത് സ്പർശവും അഗ്നിയുടേത് രൂപവും ജലത്തിന്റെ ഗുണം രസവും പൃഥിയുടേത് ഗന്ധ വുമാകുന്നു. ആകാശത്തിൽ ശബ്ദതന്മാത്ര കളും, വായുവിൽ ശബ്ദത്തിൻ്റേയും സ്പർശ ത്തിന്റേയും തന്മാത്രകളും, അഗ്നിയിൽ ശബ്ദ സ്പർശ രൂപത്തിൻറേയും ജലത്തിൽ ശബ്ദ, സ്പർശ, രൂപ രസത്തിൻ്റേയും, പൃഥിയിൽ ശബ്ദ സ്പർശ രൂപ രസ ഗന്ധത്തിന്റേയും തന്മാത്രകൾ അടങ്ങിയിരിക്കുന്നു. പഞ്ചഭൂത തന്മാത്രകൾ എല്ലാം പഞ്ചീകരിക്കപ്പെട്ടവയാണ്. അതായത് ഓരോ ആകാശ തന്മാത്രയിലും പകുതി ആകാശതന്മാത്രയും പകുതി ഭാഗം മറ്റു നാലു ഭൂതങ്ങളുടെ തുല്യഭാഗങ്ങളും ചേർന്ന താണ്. അതേ രൂപത്തിൽ തന്നെയാണ് വായു, അഗ്നി, ജലം, പൃഥി എന്നിവയുടെ തന്മാത്ര കളുടെ ഘടനയും. വായുവിൻറെ തന്മാത്രയിൽ പകുതി വായുവിൻ്റേത് പകുതി മറ്റു നാലു ഭൂതങ്ങളുടേയും തുല്യ അളവുകളിലാണ് കാണുന്നത്. ഇപ്രകാരം തന്നെയാണ് അഗ്നി, ജലം, പൃഥി തന്മാത്രകളുടെ ഘടനയും. ബാഹ്യലോകത്തെ കുറിച്ചുള്ള അറിവ് ശരീരത്തിനുള്ളിലേക്ക് പ്രവേശിക്കുന്നത് പഞ്ചേ ന്ദ്രിയങ്ങളിലൂടെ ആകുന്നു. ഇവയെ ജ്ഞാനേ ന്ദ്രിയങ്ങൾ എന്നും പറയുന്നു. ചെവി, കണ്ണ്, മൂക്ക്, നാക്ക്, ത്വക്ക് ഇവയാണ് പഞ്ചേന്ദ്രിയങ്ങ ളുടെ ബഹിർദ്വാരങ്ങൾ. ചെവി ശബ്ദത്തേയും ത്വക്ക് സ്പർശത്തേയും കണ്ണ് രൂപത്തേയുംമൂക്ക് ഗന്ധത്തേയും നാക്ക് സ്വാദിനേയും കുറിച്ചുള്ള അറിവ് സ്വീകരിക്കുന്നു. ജ്ഞാനേന്ദ്രിയങ്ങൾ മുഖേന നേടുന്ന അറിവിനനുസരിച്ച് ശരീരം പ്രതിപ്രവർത്തിക്കു ന്നത് കർമ്മേന്ദ്രിയങ്ങളുടെ സഹായത്താലാണ് പ്രധാന കർമ്മേന്ദ്രിയങ്ങൾ വാക്ക്, പാണി, പാദം, പായു, ഉപസ്ഥം എന്നിവയാണ്. വാക്ക് വദന ത്തിലും, പാണി എടുക്കൽ കൊടുക്കൽ എന്നിവ യേയും, പാദം ഗമനത്തിലും പായു വിസർജ്ജന പ്രവർത്തനത്തിലും ഉപസ്ഥം പ്രത്യുല്പാദന പ്രവർത്തിയേയും സഹായിക്കുന്നു ഇന്ദ്രിയങ്ങളുടെ പ്രവർത്തനങ്ങളെ സജ്ജ മാക്കി പ്രവർത്തിപ്പിക്കുന്നതാണ് നമ്മുടെ പ്രാണൻ. പ്രവർത്തനത്തെ അടിസ്ഥാനമാക്കി പ്രാണൻ അഞ്ചായി കർമ്മം ചെയ്യുന്നു. അവ പ്രാണൻ, അപാനൻ, സമാനൻ, ഉദാനൻ, വ്യാനൻ എന്നിവയാണ് ഹൃദയസ്ഥാനത്തിരുന്നു കൊണ്ട് ഉച്ഛ്വാസ നിശ്വാസങ്ങളെ നിയന്ത്രിക്കു ന്നതാണ് പ്രാണൻ. വിസർജ്ജനേന്ദ്രിയ സ്ഥാന ത്തിരുന്നുകൊണ്ട് മലമൂത്ര വിസർജ്ജനത്തിന് സഹായിക്കുന്ന പ്രാണനാണ് അപാനൻ. നാഭി സ്ഥാനത്തിരുന്നു കൊണ്ട് ഭക്ഷണത്തെ സർവ്വ അവയവങ്ങൾക്കും പകുത്തുകൊടുക്കുന്ന കർമ്മമാണ് സമാനവായുവിൻ്റേത്. വ്യാനവായു എല്ലാ അവയവങ്ങളിലും വ്യാപിച്ച് ദേഹത്തെ നിലനിർത്തുന്നു. ഉദാനവായു കണ്ഠസ്ഥാന ത്തിരുന്നുകൊണ്ട് ജഢരാഗ്നിയെ ജ്വലിപ്പിച്ച് അന്നപാനാദികളെ ഉള്ളിലേക്ക് കടത്തി കൊണ്ടിരിക്കും. ഇവ കൂടാതെ ശരീരപ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന അഞ്ച് ഉപപ്രാണന്മാരും പ്രവർത്തിക്കുന്നു. അവ നാഗൻ, കൂർമ്മൻ, കൃകലൻ, ദേവദത്തൻ, ധനഞ്ജയൻ എന്നിവ യാണ്. നാഗൻ ഛർദ്ദിയേയും കൂർമ്മൻ 'വിക്കൽ', കണ്ണിന്റെ ഉന്മേഷനിമേഷങ്ങൾ എന്നിവയേയും കകലൻ തുമ്മൽ, വലിവ് തുടങ്ങിയവയേയും, ദേവദത്തൻ ചിരി, കോട്ടുവാ മുതലായവയേയും നിയന്ത്രിക്കുന്നു. ധനഞ്ജയൻ ജീവൻ പോയ ശേഷവും ശരീരത്തിൽ അല്പനേരം കൂടി തങ്ങി നിൽക്കുന്നു. ഇവയെല്ലാം കർമ്മപരമാകുന്നത് ഓരോ ശരീരത്തിനുള്ളിലും സ്ഥിതി ചെയ്യുന്ന, അന്തര്യാമിയായി പ്രവർത്തിക്കുന്ന പരമാത്മാ വംശമാണ്. ഈ പരമാത്മാവ് മാത്രമാണ് അനശ്വരവും സത്യമായിട്ടുള്ളത്. അതുതന്നെ യാണ് ചൈതന്യബോധമായി പ്രവർത്തിക്കുന്നത്

# ജനനി

പ്രപഞ്ചത്തിൽ എൻ പ്രിയമാണെൻ ജനനി
വീടിൻ അണയാത്ത വിളക്കാണെൻ ജനനി
പ്രാർത്ഥനാദീപവും കൊണ്ടരികത്തു വന്നു
എനിക്കായി പ്രാർത്ഥന അർപ്പിക്കുന്നവളാണെന്റെ ജനനി

എൻ ജീവിതമെങ്ങും സുഗന്ധം പരത്താൻ
എൻ ദേവൻ എനിക്കരുളിയ
വരമാണെൻ ജനനി
എനിക്കായി ജീവിതം ഉഴിഞ്ഞ് വെച്ച്
എന്റെ സന്തോഷം കണ്ട്
രസിക്കുന്നവളാണെന്റെ ജനനി



മടിത്തട്ടിൽ എന്നെ കിടത്തി താലോലിച്ചുറക്കി
എൻ മുഖം കണ്ട് സന്തോഷം കൊള്ളുന്നാളാണെന്റെ ജനനി
തൻ ഉറക്കം നഷ്ടമായെന്നാലും
എൻ ഉറക്കത്തിനായി
സമയം ചിലവഴിച്ച് അതിൽ
ആനന്ദം കൊള്ളുന്നവളാണെന്റെ ജനനി

എൻ സന്തോഷം തൻ
സന്തോഷമായി കണ്ട്
അതിൽ ആർത്തുല്ലസിക്കുന്നവളും

എൻ ദുഃഖം തൻ ദുഃഖമായി കണ്ട്
അതിൽ വെമ്പൽ
കൊള്ളുന്നവളുമാണെന്റെ ജനനി

എൻ ലോകമാണെന്റെ ജനനി...
എൻ ജീവനാണെന്റെ ജനനി....
എൻ സ്വന്തമാണെന്റെ ജനന്...
എന്റെ എല്ലാമാണ് ജനനി....

റെക്സിയ രാജ് .എം
VIII.C
എച്ച് എസ് എസ് ഫോർ ഗേൾസ്
വെങ്ങാനൂർ

# രണ്ട് കൂട്ടുകാർ

രണ്ട് കൂട്ടുകാർ ഒരിക്കൻ രണ്ടു കൂട്ടുകാർ മരുഭൂമിയിലൂടെ നടന്നു പോകുകയായിരുന്നു. ആ യാത്രയുടെ ഇടയിൽ അവർ തമ്മിൽ ഒരു തർക്കമുണ്ടായി. ആ തർക്കത്തെ തുടർന്ന് ഒരു കൂട്ടുകാരൻ മറ്റകൂട്ടുകാരൻ്റെ മുഖത്ത് അടിച്ചു. അടികൊണ്ട് കൂട്ടുകാരന് ഒരുപാട് വേദനിച്ചു.എങ്കിലും അവൻ ഒന്നും പറഞ്ഞില്ല പകരം അവൻ മരുഭൂമിയിലെ മണ്ണിൽ എഴുതി. ഇന്ന് എൻ്റെ കൂട്ടുകാരൻ എൻ്റെ മുഖത്തടിച്ചു. അങ്ങനെ അവർ വീണ്ടു യാത്ര് തുടങ്ങി. യാത്രയുടെ ഇടയിൽ ദാഹിച്ചു വലഞ്ഞ അവർക്ക് ഒരു കുളം കണ്ടുപിടിക്കാൻ സാധിച്ചു. അങ്ങനെ അവർ രണ്ടു പേരും വെള്ളം കുടിക്കാൻ ഇറങ്ങിയപ്പോൾ അടികൊണ്ട കൂട്ടുകാരൻ ഒരു ചെളി കുഴിയിൽ മുങ്ങാൻ തുടങ്ങി.എന്നാൽ അവൻ്റെ പ്രിയ കൂട്ടുകാരൻ അവനെ കഷ്ടപ്പെട്ട് രക്ഷിച്ചു. രക്ഷപ്പെട്ട കൂട്ടുകാരൻ അവിടെ ഇരുന്ന ഒരു കല്ലിൽ എഴുതി. ഇന്ന് എൻ്റെ പ്രിയ കൂട്ടുകാരൻ എൻ്റെ ജീവൻ രക്ഷിച്ചു എന്നെ അടിച്ചതും എൻ്റെ ജീവൻ രക്ഷിച്ചതുമായ കൂട്ടുകാരൻ അവനോട് ചോദിച്ചു ഞാൻ നിന്നെ വേദനിപ്പിച്ചപ്പോൾ നീ അതു മണലിൽ എഴുതി എന്നാൽ ഇപ്പോൾ നിൻ്റെ ജീവൻ ഞാൻ  രക്ഷിച്ചപ്പോൾ എന്തുകൊണ്ടാണ് നീ കല്ലിൽ എഴുതിയത് . കൂട്ടുകാരൻ മറുപടി പറഞ്ഞു ആരെങ്കിലും നമ്മളെ വേദനിപ്പിച്ചാൽ നമ്മൾ മണ്ണലിൽ എഴുതണം  ക്ഷമയാകുന്ന കാറ്റ് അതിനെ മായിച്ചുകളയും.പക്ഷെ അരെങ്കിലും നമ്മൾക്ക് നല്ലത്, ചെയ്താൽ നമ്മൾ അത് കല്ലിൽ കുത്തി വയ്ക്കണം. ഒരിക്കലും മാഞ്ഞു പോകാത്ത പോലെ.

( ഗുണപാഠം : നമ്മുടെ സൗഹൃദ ബന്ധങ്ങൾ നിലനിർത്തണമെങ്കിൽ അവരുടെ തെറ്റുകൾ ക്ഷമിക്കാനും മറക്കാനും നാം തയാറാകണം അതുപോലെ അവർ ചെയ്ത നല്ലകാര്യങ്ങൾ അഭിനന്ദിക്കുകയും ഓർമയിൽ സൂക്ഷിക്കുകയും ചെയ്യണം)

**ഗൗരി .എസ് .വി**
IX.B
**എച്ച് എസ് എസ് ഫോർ ഗേൾസ്**
**വെങ്ങാനൂർ**

# നദിയുടെ രോദനം

പർവ്വതശൃംഗത്തിൽ നിന്നും പൊട്ടിവിടർന്നൊരാപെൺകൊടി ഞാൻ
പാരിലുള്ളോരോ ജീവനുമൊക്കെ ഞാൻ പ്രാണജലം പകർന്നു നൽകി.
താമസിച്ച കാളിവിട തീ മന ചരാചരങ്ങൾക്കു ദാഹജലം നൽകി എന്നുടെ
യാത്ര തുടർന്നിടുന്നു കുഞ്ഞു പരൽ മീനു നിന്തിത്തുടിക്കുന്നു
ഏറെച്ചിരിയോടെയെന്റെയുള്ളിൽ ഏറെ നാളായൊഴുകി ഞാൻ
ഏറെക്കുളിരുള്ളൊരമൃതുമായി എന്നെ പ്രണയിച്ച മാനുഷർക്ക് ഏറെ
പ്രിയമുള്ള തോഴിയായി പുഴയായൊഴുകിയ ഞാൻ വെറും പാഴ് മരുഭൂമിയായ്
മാറിടുന്നു പ്രാണനുവേണ്ടിക്കരഞ്ഞുനോക്കി പാരിലാരുമേ കേൾക്കുന്നിലെൻ
രോദനം. എൻ പ്രയാണമൊടുങ്ങുകയായി വറ്റി വരണ്ടൊരുശവക്കോലമായി
അമ്മ തൻ മാറിലൊരടയാളമായി ചരിത്രമായ് ഒഴുകി മറഞ്ഞിന്നു ഞാൻ.
ഓരോ മരുവും കുളിരണിയിച്ചു ഞാൻ ഒരായിരം കൊല്ലം പാഞ്ഞുപോയി
ഒത്തിരി സ്വപനങ്ങളുണ്ടെന്റെയുള്ളിൽ അമ്മയാം ഭൂമിയെ തരളിതമാക്കുവാൻ
ലോകമാകെ പ്രണയിച്ചവൾ ലോകമെന്നെ പ്രാണനായി കണ്ടു. ഭാഗീരഥിയായി,
കാവേരിയായി കാളിന്ദിയായി കുതിച്ചു പാഞ്ഞു ഞാൻ. കണ്ണീരുപോലെ
തെളിഞ്ഞിരുന്നു ഞാൻ കരയാതെ വയ്യെന്റെയീ ഗതിയോർത്ത് കാലം
കടന്നപ്പോഴെൻ ഗതി കണ്ടില്ലേ കണ്ടാലറയ്ക്കുന്ന രൂപമായി.
പുൽക്കൊടിത്തുമ്പിലെ മുത്തായിരുന്നു സ്വർലോകലാവണ്യ
സൗരഭ്യമായിരുന്നു എല്ലാമകന്നുപോയ് രൂപവും ഭാവവും മാറി വിരൂപിണിയായ്
എത്ര സ്വപ്നങ്ങൾ കണ്ടു ഞാനൊഴുകി കാടിനെച്ചുറ്റി കഥ പറഞ്ഞു നാടിന്റെ
ശുദ്ധ സംഗീതമായി കടലിൻ രവത്തിലലിഞ്ഞവൾഓരോ മരുവും
കുളിരണിയിച്ചു ഞാൻ ഒരായിരം കൊല്ലം പാഞ്ഞുപോയി ഒത്തിരി
സ്വപനങ്ങളുണ്ടെന്റെയുള്ളിൽ അമ്മയാം ഭൂമിയെ
തരളിതമാക്കുവാൻചരാചരങ്ങൾക്കു ദാഹജലം നൽകി എന്നുടെ യാത്ര
തുടർന്നിടുന്നു കുഞ്ഞു പരൽ മീനു നിന്തിത്തുടിക്കുന്നു
ഏറെച്ചിരിയോടെയെന്റെയുള്ളിൽ ഏറെ നാളായൊഴുകി ഞാൻ
ഏറെക്കുളിരുള്ളൊരമൃതുമായി എന്നെ പ്രണയിച്ച മാനുഷർക്ക് ഏറെ
പ്രിയമുള്ള തോഴിയായി പുഴയായൊഴുകിയ ഞാൻ വെറും പാഴ് മരുഭൂമിയായ്
മാറിടുന്നു പ്രാണനുവേണ്ടിക്കരഞ്ഞുനോക്കി പാരിലാരുമേ കേൾക്കുന്നിലെൻ
രോദനം. എൻ പ്രയാണമൊടുങ്ങുകയായി വറ്റി വരണ്ടൊരുശവക്കോലമായി
അമ്മ തൻ മാറിലൊരടയാളമായി ചരിത്രമായ് ഒഴുകി മറഞ്ഞിന്നു ഞാൻ.

**–അക്ഷയ ടി വി**

എച്ച് .എസ് .എസ് ഫോർ
ഗേൾസ് വെങ്ങാനൂർ





# പായസ കള്ളൻ

ഒരിടത്ത് ഒരിടത്ത് ഒരു ചെറിയ ഗ്രാമത്തിൽ ഒരു കുടിലിൽ ഒരു കുരുവിയും ഒരു ചെന്നായയും ഒരു പൂച്ചയും ഉണ്ടായിരുന്നു. അവർ നല്ല സുഹൃത്തുകൾ ആയിരുന്നു. ഒരിക്കൽ പൂച്ച  ഉണ്ടാക്കാമോ എന്ന് ചോദിച്ചു. മറ്റ രണ്ടുപേരും ആഹ്ലാദത്താൽ തുളളിച്ചാടി. പക്ഷേ പൂച്ച പറഞ്ഞു കുരുവി അരി ശേഖരിക്കണം , ചെന്നായ പഞ്ചസാര ശേഖരിക്കണം, താൻ പാൽ ശേഖരിക്കാം എന്ന്. മൂന്നു പേരും അവരവരുടെ ജോലി ശരിയായി ചെയ്തു. അങ്ങനെ അവർ പായസം ഉണ്ടാക്കി. എന്നിട്ട് പൂച്ച പറഞ്ഞു നിങ്ങൾ രണ്ടുപേരും കുളിച്ചുവാ! അവർ കുളിച്ചു വരുന്ന നേരം കൊണ്ട് പായസം മുഴുവൻ ഞാൻ കുടിക്കാമെന്ന് പൂച്ച ചിന്തിച്ചു. പൂച്ച  പായസം കുടിച്ചു തീർത്തു. അവർ തിരിച്ചു  വന്നപ്പോൾ പൂച്ച വയ്യാത്തതാ പോലേ കിടന്നു. കുരുവി പൂച്ചയെ പായസം എടുത്തുതരാൻ വിളിച്ചു. പൂച്ച പറഞ്ഞു എനിക്കു വയ്യ എനിക്കുളളത് മാറ്റി വെച്ചാൽ മതി. അവർ പായസത്തിന്റെ കലം തുറന്നപ്പോൾ ഇതിൽ പായസം ഇല്ല. അവർ ഞെട്ടി പോയി. അവർ പൂച്ചയോട് ചോദിച്ചു- പായസം എവിടെ? ഞാൻ വയ്യാതെ ഇരുന്നപ്പോൾ ആരെങ്കിലും എടുത്ത് കാണും. ചെന്നായ സംശയത്താൽ രണ്ടുപേരെയും കുളകരയിലേക്ക് വിളിച്ചു. ഒരു കുടവും കൈയിൽ കരുതി എന്നിട്ട് പറഞ്ഞു ആരാണോ കള്ളം പറഞ്ഞത് അവർ കുളത്തിന്റെ മുകളിൽ നിൽകുമ്പാൾ അവൻ കുളത്തിൽ മുങ്ങി ചാവും. അങ്ങനെ ചെന്നായ കുടം കുളത്തിൽ മുക്കിയിട്ട് അതിന്റെ മുകളിൽ കയറി നിന്നു. എന്നിട്ട് പറഞ്ഞു ഞാനാണ് പായസം കഴിച്ചതെങ്കിൽ ഞാൻ മുങ്ങി പോകട്ടെ പക്ഷെ ചെന്നായ മുങ്ങിയില്ല. അതുപോലെ കുരുവിയും മുങ്ങിയില്ല.പൂച്ചയുടെ അവസരം എത്തിയപ്പോൾ അതു പറഞ്ഞു ഞാനാണ് പായസം കുടിച്ചതെങ്കിൽ ഞാൻ മുങ്ങി പോട്ടെ. അതുപോലെ അത് മുങ്ങി. അങ്ങനെ ചെന്നായക്കും കുരുവിക്കും മനസ്സിലായി പൂച്ചയാണ് പായസം കുടിച്ചതെന്ന്.



കൃഷ്ണേന്ദു .ആർ .ബി
IX.A
എച്ച് .എസ് .എസ് ഫോർ ഗേൾസ്
വെങ്ങാനൂർ

# അമ്മ

ഞാനെൻ മിഴികൾ തുറന്നൊരാ നേരം
ആദ്യമായ് കണ്ടു ഞാനെന്നമ്മയെ .
ഒരു പകലും ഓരോ നിമിഷവും
ഞാൻ കണ്ടുണർന്നു എന്നമ്മയെ
ഞാനൊന്ന് പൊട്ടിക്കരഞ്ഞാൽ
എൻകൂടെ കരയുമെന്നമ്മ
ഞാനൊന്ന് പൊട്ടിചിരിച്ചാൽ
എൻകൂടെ ചിരിക്കുമെന്നമ്മ
ഭയപ്പെടുത്തിടുമീ അന്തകാരത്തിൽ
വീടിൻ വിളക്കായി മാറുമെന്നമ്മ
വീടിൻ വിളക്കായ് എന്നമ്മ മാറുമ്പോൾ
വീടാകുന്നു ഐശ്വര്യ കൂടാരം .
മനം കുളിർത്തിടും പാട്ടുകൾ പാടി
വീടിൻ ശോഭ കൂട്ടുന്നെന്നമ്മ
ആകാശം ധന്യമാക്കുന്ന താരങ്ങൾപോലെ
വീടിനെ ധന്യമാക്കീടുന്നമ്മ.
ഓരോ പകലും ഓരോ നിമിഷവും
എനിക്കായി വേല ചെയ്തീടുന്നമ്മ .
ഞാനെൻ മിഴികൾ തുറന്നൊരാ നേരം
ആദ്യമായ് കണ്ടു ഞാനെന്നമ്മയെ.
ഓരോ പകലും ഓരോ നിമിഷവും
ഞാൻ കണ്ടുണർന്നു എന്നമ്മയെ .
എൻ ദൈവമാണമ്മ എൻ നിധിയാണമ്മ
എനിക്കെല്ലാമെല്ലാം ആണെന്നമ്മ.
എൻ ദൈവമാണമ്മ എൻ നിഴലാണമ്മ
എനിക്കെല്ലാമെല്ലാം ആണെന്നമ്മ.



സാന്ദ്ര.എസ്.സജി
എച്ച് .എസ് .എസ് ഫോർ ഗേൾസ്
വെങ്ങാനൂർ

# ചിന്നുവിന്റെ പാവ

ഒരിക്കൽ ഒരിടത്ത് ഒരു കൊച്ചുമിടുക്കിയുണ്ടായിരുന്നു.അവളുടെ പേരാണ് ചിന്നു. അവൾക്ക് സുന്ദരിയായ പാവയുണ്ടായിരുന്നു . അവൾക്ക് ആ പാവയെ ഏറെ ഇഷ്ടമായിരുന്നു .അവൾ ഉറങ്ങുമ്പോഴും , ഉണരുമ്പോഴും,കുളിക്കുമ്പോഴും ഒക്കെ അവൾ ആ പാവയെ കൂടെക്കൂട്ടുമായിരുന്നു .ഒരു ദിവസം വൈകുന്നേരം ചിന്നുവിന്റെ അമ്മ സാധനം വാങ്ങാനായി കടയിൽ പോയി.ചിന്നു ഒറ്റയ്ക്കായിരുന്നു വീട്ടിൽ.അവൾ പാവയുമായി കളിക്കുകയായിരുന്നു.പെട്ടെന്നാരു ശബ്ദം "വള വേണോ ", "വള വേണോ" “വള” എന്ന ശബ്ദം കേട്ട് ചിന്നു പുറത്തേക്കിറങ്ങി നോക്കി ഒരു വളക്കാരൻ ഹായ് വളകൾ എന്നു പറഞ്ഞു. മോളെ പല നിറത്തിലുള്ള വളകൾ നോക്കു വളക്കാരൻ പറഞ്ഞു. ചിന്നു പറഞ്ഞു വളക്കാരാ എനിക്ക് ചുവപ്പ്, പച്ച, കറുപ്പ് ഈ നിറത്തിലുള്ള വളകൾ വേണം. എനിക്ക് തരുമോ ഓ തരല്ലോ ഇതാ വളകൾ വളക്കാരൻ പറഞ്ഞു. അയ്യോ പൈസ എടുത്തില്ല ചിന്നു ആലോചിച്ചു. വളക്കാരാ ഞാൻ പോയി പൈസ എടുത്തുട്ട് വരാം ചിന്നു പറഞ്ഞു. പൈസ എടുക്കാനായി ചിന്നു പാവയെ വരാന്തയിൽ വെച്ചിട്ട് അകത്തേക്ക് പോയി പൈസ എടുത്തിട്ട് വന്നു, ഇതാ വളക്കാരാ പൈസ.  എനിക്ക് വള തരു. വളക്കാരനെ കാണുന്നില്ല വളക്കാരാ വളക്കാരാ ചിന്നു  ഉറക്കെ കരഞ്ഞു. അയ്യോ എന്റെ പാവയും കാണുന്നില്ല. ചിന്നു ഉറക്കെ കരയാൻ തുടങ്ങി വളക്കാരാ വളക്കാരാ എന്റെ പാവയെ തന്നിട്ട് പോ.. വളക്കാരാ, വളക്കാരാ കരഞ്ഞു കരഞ്ഞു ചിന്നു ഉറങ്ങി പോയി. ഉറക്കത്തിലും പറയുന്നുണ്ടായിരുന്നു വളക്കാരാ എന്റെ പാവയെ തന്നിട്ട് പോ വളക്കാരാ. അമ്മ കടയിൽ പോയി നീട്ടിലേക്ക്  തിരിച്ച് വന്നു നോക്കുമ്പാൾ വരാന്തയിൽ ചിന്നു ഉറക്കത്തിൽ കരഞ്ഞു പറയുന്നു വളക്കാരാ എന്റെ പാവയെ തന്നിട്ട് പോ... പെട്ടന്ന് തന്നെ അമ്മ ചിന്നുവിനെ വിളിച്ചുണർത്തി അപ്പോൾ ചിന്നു കരഞ്ഞു പറയുന്നുണ്ടായിരുന്നു. അമ്മേ എന്റെ പാവ വളക്കാരൻ മോഷ്ടിച്ചു കൊണ്ടുപോയി എന്റെ പാവയെ തിരിച്ചു വാങ്ങിത്താ വളക്കാരന്റെയടുത്ത് പറയമ്മേ എന്റെ പാവ തരാൻ. അമ്മ പറഞ്ഞു– മോളെ നിനക്ക് ഞാൻ വേറെ പാവ വാങ്ങിത്തരാം. ചിന്നു പറഞ്ഞു– വേണ്ട എനിക്ക് എന്റെ പാവ മതി. ചിന്നുവിന്റെ വിഷമം കണ്ട് അമ്മ വളക്കാരന്റെ വീട് തിരക്കി പോയി അങ്ങനെ ആ വീട് കണ്ടുപിടിച്ചു.
വളക്കാരന്റെയടുത്ത് ചിന്നുവിന്റെ അമ്മ ചോദിച്ചു. നിങ്ങൾ എന്തിനാണ് എന്റെ മകളുടെ പാവ മോഷ്ടിച്ചത്. അപ്പോൾ വളക്കാരൻ പറഞ്ഞു എന്നോട് ക്ഷമിക്കണം എന്റെ മകൾ ഒരുപാട് ദിവസമായി എന്നോട് ചോദിക്കുന്നു ഒരു പാവ വാങ്ങി തരാൻ വാങ്ങിക്കാനുള്ള പൈസ ഇല്ലാത്തതുകൊണ്ടാണ് മോഷ്ടിച്ചത് ക്ഷമിക്കണം. ഇത് കേട്ടപ്പോൾ ചിന്നുവിനും ചിന്നുവിന്റെ അമ്മയ്ക്കും വിഷമമായി.



അക്ഷയ ശ്രീകുമാർ
എച്ച് .എസ് .എസ് ഫോർ
ഗേൾസ് വെങ്ങാനൂർ

# REFLECTION

I found this old mirror in the attic tucked away in mountains of junk Mirror that lost all its glory and shine I cleaned it carefully with an old rag



Stared into it until I saw the magic Glowing eyes and slightly parted lips Thought of touching to see if it's real

Then you leaned over softly pressed your lips against mine

That's when I heard that hissing sound loud and clear

"You my love, go about your day Do what you want and some more

If you feel tired or want a break Just close your eyes and I will be there before you know it.

kavitha .M.A



# എന്റെ മലയാളം

ന മ്മുടെ മാതൃഭാഷയാണ് മലയാളം. മാതൃ ഭാഷ പെറ്റമ്മയ്ക്ക് തുല്യമാണ്. മലയാള ഭാഷയെ പുച്ഛിക്കുന്നവർക്ക് ഒരു പക്ഷേ അതിന്റെ പ്രാധാന്യം അറിയില്ലായിരിക്കാം. എന്നാൽ മലയാള ഭാഷയ്ക്ക് കാവ്യരൂപത്തിൽ ആടയാഭരണ ങ്ങൾ പണിയുന്ന കവികൾക്ക് അതിൻ്റെ മേന്മ തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ടെന്നു തീർച്ച.

"മലയാളമേ നിൻ്റെ വാക്കുകൾക്കുള്ളത്ര
മധുരം തുടിക്കുന്നതേതു ഭാഷ"

എന്ന യാഥാർത്ഥ്യം കവികൾ പണ്ടേ തിരിച്ചറിഞ്ഞിരിക്കുന്നു. മലയാളികളായ നാം മലയാള ഭാഷയെക്കുറിച്ച് കൂടുതൽ അറിയേണ്ടതുണ്ട്.

നാം ഇന്ന് ഭാഷാനാമമായി ഉപയോഗിക്കുന്ന മലയാളത്തിന്റെ ആവിർഭാവം ദേശനാമ മായിട്ടായിരുന്നു. തെക്കെ ഇന്ത്യയിൽ പശ്ചിമ ഘട്ടത്തിനു പടിഞ്ഞാറ് മംഗലാപുരം മുതൽ തെക്കോട്ടുള്ള സമുദ്രതീര പ്രദേശത്തെയാണ് ആ പേരുകൊണ്ട് പരാമർശിച്ചിരുന്നത്. മലയാള ഭാഷയുടെ ആവിർ ഭാവത്തെക്കുറിച്ച് കേരള പാണിനിക്ക് വ്യക്തമായ അഭിപ്രായമുണ്ട്. "മലയാളമെന്ന വാക്ക് ആരംഭത്തിൽ ദേശനാമം മാത്രമായിരുന്നു. മലയാള നാട്ടിലെ ഭാഷ എന്ന അർത്ഥത്തിലാണ് മലയാള ഭാഷ എന്നു പറയാറുള്ളത്." ഇതാണ് എ. ആർ. 'കേരള പാണിനീയ'ത്തിൻ്റെ പീഠികയിൽ മലയാള ഭാഷയെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായം. മലയാളഭാഷയുടെ ഉത്ഭവത്തെപ്പറ്റി പ്രബലമായ രണ്ടു സിദ്ധാന്തങ്ങളുണ്ട്. മലയാളത്തിന്റെ ഉത്ഭവം തമിഴിൽ നിന്നാണ് എന്ന സിദ്ധാന്ത ത്തിന്റെ വക്താക്കളാണ്, കാൽഡ്വൽ, ഗുണ്ടർട്ട്, കേരളപാണിനി, എൽ.വി. ആർ. തുടങ്ങിയവർ. ആദി ദ്രാവിഡഭാഷ യുടെ ഒരു സ്വതന്ത്ര ശാഖയാണ് മലയാളമെന്നുള്ളതാണ് രണ്ടാമത്തെ സിദ്ധാന്തം. ആറ്റൂർ കൃഷ്ണപിഷാരടി, ഡോ. ഗോദവർമ്മ, ഡോ. ചേലനാട്ട് അച്യുത മേനോൻ തുടങ്ങിയവരാണ് ഈ സിദ്ധാന്ത ത്തിന്റെ വക്താക്കൾ. മലനാട്ടു തമിഴ് മലയാള മായത് സംസ്കൃതത്തിന്റെയും പ്രാകൃതത്തിന്റെ പ്രേരണ കൊണ്ടാണ് എന്ന അഭിപ്രായക്കാര നാണ് പ്രൊഫ. ഇളംകുളം കുഞ്ഞൻപിള്ള ഡോ. എസ്.കെ. ചാറ്റർജി, ഷൂൾ ബ്ലോഖ് എന്നീ അന്യഭാഷക്കാരായ രണ്ടു ഭാഷാ ശാസ്ത്രജ്ഞന്മാർ മലയാളത്തിന്റെ തമിഴ് ബന്ധത്തെ അംഗീകരിച്ചിട്ടുണ്ട്. മലയാളം പഴയ തമിഴിന്റെ ഒരു ശാഖയാണെന്നും കേരളത്തിൽ 9-ാം ശതകത്തിനുശേഷമുണ്ടായ ശിലാതാമ്രശാസനങ്ങളിൽ മലയാളത്തിൻ്റെ ചില സവിശേഷതകൾ കാണാമെന്നും ഡോ. എസ്.കെ. ചാറ്റർജി അഭിപ്രായപ്പെടുന്നു. "മലയാളമെന്ന തീർത്തും പറയാവുന്ന ഒരു ഭാഷ 12-ാം ശതകം മുതൽ നിലവിലുണ്ട്" എന്ന് 'Indian Linguistics' എന്ന ഗ്രന്ഥത്തിൽ ഡോ. എസ്.കെ. ചാറ്റർജി രേഖപ്പെടുത്തിയിട്ടുണ്ട്. മലയാളം തമിഴിൽ നിന്നു വേർപെട്ട അതിന്റെ ഒരു ഉപഭാഷയാണ്. 10-ാം ശതകത്തിനു ശേഷമുള്ള രേഖകൾ ഇതു "The Grammatical Structure of Dravedian Languages' എന്ന ഗ്രന്ഥത്തിൽ ഷൂൾ ബ്ലോഖ് പറയുന്നുണ്ട്. "മലയാളത്തിനും തമിഴിനും തമ്മിലുള്ള ചാർച്ച സൂക്ഷ്മമമായി പരിശോധിച്ചാൽ മലയാളത്തെ ഇന്നത്തെ തമിഴിന്റെ പുത്രിയെന്നോ കനിഷ്ഠ സഹോദരി യെന്നോ അല്ല പറയേണ്ടത്, അങ്ങനെയൊരു ബന്ധം കൽപ്പിക്കുകയാണെങ്കിൽ മാതാവെന്നോ ജ്യേഷ്ഠത്തിയെന്നോ ആണ് വേണ്ടത്" ഇപ്രകാരമാണ് മഹാകവി ഉള്ളൂർ 'കേരള സാഹിത്യ ചരിത്ര'ത്തിൽ മലയാളഭാഷയുടെ ഉത്ഭവം എന്ന അദ്ധ്യായം ഉപസംഹരിക്കുന്നത്.

ഏതാണ്ട് ഒരു സഹസ്രാബ്ദ കാലത്തെ ചരിത്രമേ മലയാളഭാഷയ്ക്ക് അവകാശപ്പെടാ നുള്ളൂ. എങ്കിലും ഇത്രയും കാലംകൊണ്ട് തന്നെ എത്രയെത്ര അവസ്ഥാവിശേഷങ്ങൾക്കും, ബാഹ്യ പ്രേരണകൾക്കും, പ്രവണതകൾക്കും ഭാഷ വിധേയമായി എന്നതും അതിന്റെ പരിണാ മഫലങ്ങളും പ്രാധാന്യമർഹിക്കുന്ന കാര്യം തന്നെയാണ്. കേരള പാണിനി മലയാളഭാഷയെ മൂന്നുഘട്ടങ്ങളായി വിഭജിക്കുന്നു-കരിന്ത മിഴാലം (ബാല്യാവസ്ഥ), മലയാണ്മകാലം (കൗമാരാവസ്ഥ), മലയാളകാലം (യൗവ്വനാ വസ്ഥ). ആദികാലം (എഴുത്തച്ഛനുമുമ്പ്), മധ്യകാലം (എഴുത്തച്ഛൻ മുതൽ വലിയകോയിതമ്പുരാൻ വരെ), അധുനാതനകാലം (വലിയ കോയിതമ്പുരാനു ശേഷം) എന്നിങ്ങനെയാണ് വടക്കുംകൂർ രാജരാജവർമ്മയുടെ ഘട്ടവിഭജനം. പരതന്ത്രംഘട്ടം, സംക്രമണഘട്ടം. സ്വതന്ത്രഘട്ടം എന്ന് ഘട്ടവിഭജനം നടത്തിയ വ്യക്തിയാണ്. സി.എൽ. ആൻ്റണി. ഇത്തരത്തിൽ നിരത ഭാഷയുടെ ഘട്ടവിഭജനം നടത്തി ഇതൊക്കെയും മലയാള ഭാഷയുടെ ല മാത്രം ചരിത്രത്താളുകൾ ഇനിയ മറിക്കേണ്ടതുണ്ട്. മലയാളഭാഷയുടെ പുച്ഛധ്വനി മുഴക്കുന്ന പച്ച പരിഷ്കാരി അജ്ഞതയുടെ വക്താക്കളാണ്. "മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ മർത്യനു പെറ്റമ്മ തൻ ഭാഷ താൻ" എന്ന കവി വചനം ഓർക്കേണ്ടതുണ്ട്. മലയാളത്തിൻ്റെ സാംസ്കാരിക തനിമ നിലനിർത്തുന്നതിനും, മലയാളത്തിനുമേൽ ആംഗലേയ ഭാഷകൾക്കുള്ള ആധിപത്യം അവസാനിപ്പിക്കുന്നതിനും നാം പരിശ്രമി ക്കേണ്ടതുണ്ട്. "എത്ര സുന്ദരം എത്ര സുന്ദരം എന്റെ മലയാളം മുത്തു പവിഴങ്ങൾക്കൊരുത്തൊരു പൊന്നു നൂൽപോൽ" എന്ന കവിവചനം മലയാളി മനസ്സിന്റെ കോണിൽ മായാതെ സൂക്ഷിക്കേണ്ട അചഞ്ച ലമായ സത്യമാണ് നമ്മുടെ ഭാഷയെ പിച്ചി ചീന്താൻ നാം അനുവദിച്ചു കൂടാ. മലയാള ത്തിന് മാനഹാനി വരുത്താനല്ല, അതിന്റെ ആത്മാഭിമാനം വളർത്താനാണ് നമ്മൾ ശ്രമി ക്കേണ്ടത്. അത് നമ്മിൽ അധിഷ്ഠിതമായ ധർമ്മമാണ്

പാർവതി നായർ എൽ
പൂർവ്വ വിദ്യാർത്ഥിനി
**എച്ച് എസ് എസ് ഫോർ ഗേൾസ് വെങ്ങാനൂർ**


# ആത്മാവ്
# കൈവിട്ടൊരാത്മാവ്

ആശ സന്തോഷ്

നിദ്ര വഴിമാറിയ രാവിലൊന്നിൽ
കേൾക്കയായൊരു ദീനവിലാപം
എവിടെ നിന്നാണതിന്നുത്ഭവ-മെന്നു
ഞാൻ പലവുരു ചിന്തിച്ചിരുന്നു പോയി.

അയൽ വീട്ടിൻ തിരശ്ശീല മറയിൽ നിന്നും
അലസമായ് വഴിമാറിയെത്തിയതോ?!
അതോ? നഗരത്തിരക്കിലെ
തെരുവീഥിയിൽ
ഏകയായ് പോയൊരു കൗമാര കേഴലോ?
രോഗാതുരമായ് വിതുമ്പുന്നതോ ചിലർ?
അതോ? പേറ്റുനോവാറ്റും സ്വരമോ
പ്രിയ-വിരഹത്തി, ന്നഴൽ ചൂടിൽ
വേവുന്നോർ തൻ വിരഹാഗ്നി വർഷമോയ്?
ചുറ്റും തിരഞ്ഞു-ഞാനേതീ വിലാപം?
ഏതഴൽസൂര്യന്റെറെ അരുണ
പ്രവാഹമായ്?
നിശാചരികൾ നിദ്രയകറ്റുന്ന ചലച്ചിത്ര
ഗാനമോ? അതോ മാർജ്ജാര ലീലയോ?
എവിടെ നിന്നറിയില്ല... കരളുരുകി, യാരോ
കരയുന്നു, പ്രപഞ്ചമുറങ്ങുന്ന വേളയിൽ
പുത്രനെ കാത്തിരുന്നു തളർന്നൊരമ്മ
മനസ്സുടഞ്ഞതിൻ നാദമോ?
പതി സ്പർഷമേൽകാത്ത തരുണി
തൻ മോഹമോ? അതോ,
കാമപ്പിശാചുകൾ വിശപ്പാറ്റുന്നതോ?
പഞ്ജരങ്ങളിൽ പിടയുന്ന
പക്ഷികളോ?
പിന്നെയും കാതോർക്കവേ ഞാനറിഞ്ഞാ-
നാദം... എന്നന്തരാത്മാവ് കേഴുന്നതല്ലയോ?
എന്തെന്നാത്മാവേ! നീയ്യിവ്വിധം കേഴുവാൻ?
എല്ലാമെനിക്കില്ലേ? പിന്നെന്തിത്ര
വേദനിച്ചീടുവാൻ?
പ്രപഞ്ചമുറങ്ങവേ തരുശാഖി
പോലും
മൗനമുറങ്ങവേ.. ആദ്യമായി കണ്ടു
ഞാനൊരു ആത്മാവിൻ തേങ്ങൽ,
അന്തരാത്മാവ്
നിന്നു കേഴുന്നിതെൻ മുന്നിലിത്ര
കരുണമായ്.
എന്താണ് വേണ്ടതെൻ ആത്മാവേ ചൊൽ
നീയിത്ര കേഴുവാനെന്താണാ കാരണം?
കേട്ടു ഞാൻ... പിന്നെയും നീണ്ടൊരു തേങ്ങലാ,
യതിൻ മറുപടിയായതും മെല്ലേ
മൊഴിയുന്നിതാത്മാവ് രാവിൽ ബന്ധിതയാണു
ഞാൻ!! എന്നോ?
ചിലങ്കയണിയുവാ നാ,ശിച്ച പാദങ്ങൾ
തേടുന്നുവോ തെറ്റിയ ചുവടുകളൊക്കെയും
ആകാശം അതിർവരമ്പാക്കിയ കാലം
എങ്ങോ മറഞ്ഞുപോയെന്നോ?
നാരായമുനയാൽ കോർത്തിയതൊക്കെയും
ഈറനാമശ്രുവാൽ കുതിർന്നുവെന്നോ? -
ആത്മാവ് കൈവിട്ടൊരാത്മാവ് ഞാൻ
കേഴുന്നു പിന്നെയും വീണുടയുമൊ-
രോമൽ സ്ഫടിക ശീലെന്ന പോലെ....
പിന്നെയും കേഴുന്നു.. കേഴുവാനായി
ജനിച്ചുപോലെ !!!

# മഴയെ പ്രണയിച്ചവൾ



അങ്ങ് ദൂരെഒരു ഗ്രാമത്തിൽ ഒരു വൻ മരങ്ങൾ നിറഞ്ഞ കാട് ഉണ്ടായിരുന്നു ആ കാടിനകത്ത് ഒരു വീട്.അതി മനോഹരമായ ചെടികൾ കൊണ്ട് നിറഞ്ഞ വീട്. അവിടെ ഒരു കൊച്ചു പെൺക്കുട്ടി ഉണ്ടായിരുന്നു അവൾക്ക് മഴയെ വളരെയധികം ഇഷ്ടമാണ്. മഴക്കായി എന്നുമവൾ കാതോർക്കും...
പൂക്കളും, ചെടികളും, മരങ്ങളും, വള്ളിചെടികളും നിറഞ്ഞൊരു കാട്. വെള്ളച്ചാട്ടവും, പുഴയും, അരുവിയും ഉള്ളകാട്. അവൾ പ്രകൃതിയെയും ഒരുപ്പാട് സ്നേഹിച്ചിരുന്നു. മഞ്ഞ് മൂടിയ മലനിരകളുടെ താഴ്വാരാത്ത് അവൾ മഴയ്ക്കായി... മഴയ്ക്കുവേണ്ടി അവൾ കാത്തിരിക്കും. അങ്ങനെ ഒരു ദിവസം മഴ തോരാതെ പെയ്തു. അവൾ മഴ പെയ്യുമ്പാൾ ജനാലയുടെ അടുത്ത് ഒരു ചൂട് ചായയുമായി മഴയെ നോക്കിയിരിക്കും. മഴയെ പല രൂപത്തിൽ ആസ്വദിക്കും....
മഴ..... ചായ.... സംഗീതം...!!
കുഴിർക്കാറ്റ്
ഇരുട്ട് മുറിയിലിരുന്ന് മഴയെ കാണും മഴ പെയ്യുന്നത് കണ്ട് ആസ്വദിക്കും വല്ലാതൊരു സഹാനുഭൂതിയാണത്.

-അനുഗ്രഹ.എസ്.എസ്

VII.C

# मेरा प्यारा गाँव

कितनी सुंदर मेरा गाँव
नीम, आम और अमरूद का छाव नीले - नीले आस्मान नीचे
कितना सुंदर मेरा गाँव

खेतों के ये हरियाली
कोयल मीठे गान सुनाती
धीमी धीमी शीतल हवा चलती गलियों में चलती गायें
कितनी सुंदर मेरा गाँव

इधर उधर खेलते दौड़ते बच्चे देखकर खुश हो जाता है मन सबसे
प्यारा मेरा गाँव
सबसे न्यारा मेरा गाँव

**Sreelekshmi.S.S**
**IX.D**
**HSS For Girls Venganoor**

# ഒരു അധ്യാപികയുടെ
# വിദ്യാലയ ചിന്തകൾ

ശോഭ .പി.എസ്
H S T മലയാളം
എച്ച് എസ് എസ് ഫോർ ഗേൾസ് വെങ്ങാനൂർ

ഞാൻ പഠിച്ച സ്കൂളിലേക്ക് അതും എന്നെ പഠിപ്പിച്ച അധ്യാപകർ ഇന്നും ജോലിചെയ്യുന്നിടത്തേയ്ക്ക് അധ്യാപികയായി കടന്നുചെന്നത് തികഞ്ഞ നെഞ്ചിടിപ്പോടുക്കൂടി തന്നെയായിരുന്നു.പഠിപ്പിച്ച ഗുരുക്കന്മാരെ മനസ്സിൽ ധ്യാനിച്ച് കൊണ്ട് ആദ്യ ക്ലാസിൽ കയറിചെന്നത് തീർച്ചയായും വിറച്ചുക്കൊണ്ടുക്കൂടിയാണ് വലതുകാൽ വെച്ച് കയറിയപ്പോൾ പെട്ടെന്ന് കണ്ണ് മഞ്ഞളിച്ചുപോയി അതെ ,ഞാൻ ഇരുന്നു പഠിച്ച യു.പി യിലെ അതെ ക്ലാസ് റൂം .നോട്ടം അവസാന ബെഞ്ചിലേക്ക് പാറിവീണു.ഞെട്ടിപ്പോയി മെലിഞ്ഞ ഒരു പട്ടുപാവാടക്കാരി അതാ അവിടെ വെറുതെ ചിരിക്കുന്നു "ആ ചിരി കുടുക്ക "ഞാൻ തന്നെയല്ലേ കുനുകുനെ വർത്തമാനം പറയുന്ന പ്രിയ കൂട്ടുക്കാരി ശിവപ്രിയ അടുത്തെങ്ങാനുമുണ്ടോ എന്നറിയുന്നതിനുവേണ്ടി അറിയാതെ ഞാൻ തിരിഞ്ഞുനോക്കി .എവിടെ നിന്നോ വന്ന രണ്ടു കണ്ണുനീർത്തുള്ളികൾ മിഴികളെ അറിയാതെ നിറച്ചുവോ കുട്ടികളുടെ നമസ്കാരം പറച്ചിൽ കേട്ട് ഭൂതക്കാലത്തിൽ നിന്ന് വർത്തമാനക്കാലത്തിലേക്ക് ഇറങ്ങിവന്ന എനിക്ക് സ്ഥലക്കാലക്രമം ഉണ്ടായില്ലേങ്കിലെ അത്ഭുതമെയുള്ളൂ തൊട്ടടുത്ത ക്ലാസിൽ ഒച്ച ഉയർത്തി പഠിപ്പിക്കുന്ന ഗീതാമണി ടീച്ചറിനെ കണ്ടപ്പോഴാണ് ആ പഴയ ക്ലാസ് റൂം മാറി വളർന്നു വലിയ ടീച്ചറായ കാര്യം ഓർമ്മയിലേക്ക് എത്തിയത് ഒരു നനുത്ത പുഞ്ചിരിയോടുക്കൂടി ഞാൻ ആദ്യപാഠം പഠിപ്പിക്കുവാൻ തുടങ്ങി .

പഠിച്ച വിദ്യാലയത്തിലേക്ക് തന്നെ അധ്യാപികയായി കടന്നുവന്നപ്പോൾ എന്നെ പഠിപ്പിച്ച പ്രധാന അധ്യാപികയുടെ മുന്നിൽ നിന്ന് ഹാജറിൽ ആദ്യ ഒപ്പുവച്ചപ്പോൾ അറിയാതെ കൈവിറച്ചുപ്പോയി .എങ്കിലും 'നമസ്തേ ടീച്ചർ' എന്നു പറയുന്ന കുരുന്നുകളുടെ മുഖം കാണുമ്പോൾ ഒരു അധ്യാപികയാകാൻ കഴിഞ്ഞതിൽ ഞാൻ ഏറെ അഭിമാനിക്കുന്നു.

# തെരുവിലെ ബാല്യങ്ങൾ

ഇനിയൊരുനാളെയുണ്ടെങ്കിലീ
ദുർവിധിയകന്നുപോയീടുമോ
ഈ മണ്ണിൽ നിന്ന്....?
ഇനിയൊരു സന്ധ്യയുണ്ടെങ്കിലീ
കുട്ടികൾ പൊട്ടിച്ചിരിച്ച് കളിച്ചീടുമോ....?
ഉണ്ണാവയറിന്റെ കത്തുന്ന
പട്ടിണി ഏറെ വിഴുങ്ങിയാ
കൊച്ചു ബാല്യങ്ങളെ
നിർത്തുന്ന വണ്ടിതൻ
ഓരത്ത് ചെന്നവർ
എന്തിനോവേണ്ടി കൈ നീട്ടിടുമ്പോൾ
പത്തിന്റെ തുട്ടൊന്നു
കയ്യിൽ കൊടുത്താൽ
നൂറിന്റെ പുഞ്ചിരിയാണവർക്ക്
ഇന്നാ വർഗ്ഗഭേദത്തിന്റെ
ബിംബമായ് മാത്രം നിൽക്കുന്നതാ
അവർ തെരുവീഥി തോറും
ഭിക്ഷയാചിക്കുന്ന കുട്ടികൾ
നാടിന്റെ ശാപമാണെന്നോതുന്ന
മാന്യരെ നിങ്ങൾ എന്തു ചെയ്തു
അവർക്കെന്തു ചെയ്തു
നിങ്ങളെന്ത് ചെയ്തു
അവർക്കെന്ത് ചെയ്തു....

# BIGGEST FEAR

When someone ask
What I'm scared of
I play it cool and
Say the dark.
Sometime I'll say heights,
needless or even cions
maybe I'll say spiders,
Could noices or ghosts
I'll say clowns,
Or even doga
But I always hid my fears
and shoved it into my breif case
because my biggest fear
is that you'll someday see me
The way I see myself
Ugly and unkind.




**എച്ച് എസ് എസ് ഫോർ ഗേൾസ് വെങ്ങാനൂർ സ്കൂളിലെ എസ്.പി.സി വിദ്യാർത്ഥിനികളുടെ 2023-ലെ പാസിങ്ങ് ഔട്ട് പരേട്**



**കൃഷ്ണേന്ദു.ആർ.ബി**

**ഡിജിറ്റൽ പെയിന്റിങ്**







ശിവവന്ദന
**ഡിജിറ്റൽ പെയിന്റിങ്**

# THANK YOU

By
LITTLE KITES UNIT
H S S FOR GIRLS VENGANOOR